# അദ്ധ്യായം 13

# ക്രിസ്തീയ ജീവിതം
## (ഭാഗം 2)

പതിമൂന്നാം അദ്ധ്യായത്തിൽ ക്രിസ്തീയ ജീവിതം നയിക്കുക എന്നതിന് എന്തർത്ഥമാണ് എന്നതിനെകുറിച്ച് പൗലൊസ് ചർച്ച തുടരുന്നു. ഒരു ക്രിസ്തീയ വിശ്വാസി സർക്കാരിന്റെ നിയമങ്ങൾ അനുസരിയ്ക്കുന്നതു കൊണ്ടും നികുതികൊടുക്കുന്നതുമൂലവും സർക്കാരിന് കീഴ്പെട്ടിരിയ്ക്കണം എന്ന കാര്യം ശക്തിപ്പെടുത്തിപ്പറയുന്നു (13:1–7). ഒരാൾ തന്റെ അയല്ക്കാരനെ സ്നേഹിക്കുന്നതിന്റെ പ്രാധാന്യവും ഊന്നി പറയുന്നു. (13:8–10) അദ്ധ്യായത്തിന്റെ ഒടുവിലായി ശരിയായ ക്രിസ്തീയ സ്വഭാവത്തിന്റെ ഒരു ചുരുക്കം തന്നിട്ട് അത് എത്ര ജാഗരൂകമായി ചെയ്യേണ്ട താണെന്ന് ഓർമ്മിപ്പിക്കുന്നു (13:11–14).

### സർക്കാരിനോടുള്ള മനോഭാവം (13:1-7)

**1ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. ദൈവ
ത്താലല്ലാതെ ഒരധികാരവുമില്ലല്ലോ. ഉള്ള അധികാരങ്ങളോ ദൈവത്താൽ
നിയമിക്കപ്പെട്ടിരിക്കുന്നു. 2ആകയാൽ അധികാരത്തോട് മറുക്കുന്നവൻ ദൈവ
വ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിയ്ക്കും.
3വാഴുന്നവർ സൽ പ്രവൃത്തിക്കല്ല. ദുഷ്പ്രവൃത്തിക്കത്രെ ഭയങ്കരം. അധികാര
സ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മചെയ്ക. എന്നാൽ അവനേ
ാട് പുകഴ്ച്ച ലഭിക്കും. 4നിന്റെ നന്മക്കായിട്ടല്ലോ അവൻ ദൈവശുഷ്ക്കാര
നായിരിക്കുന്നത്. നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെയല്ല അവൻ
വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷെയ്ക്കായി
പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ. 5അതുകൊണ് ശിക്ഷയെ
മാത്രമല്ല മനസ്സാക്ഷിയെയും വിചാരിച്ച് കീഴടങ്ങുക ആവശ്യം. 6അതുകൊണ്
നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരും ആ
കാര്യം തന്നെ നോക്കുന്നവരും ആകുന്നു. 7എല്ലാവർക്കും കടമായുള്ളതു
കൊടുപ്പിൻ. നികുതി കൊടുക്കേണവനു നികുതി. ചുങ്കം കൊടുക്കേണവനു
ചുങ്കം, ഭയം കാണിക്കേണവനു ഭയം മാനം കാണിക്കേണവനു മാനം.**

യേശു ലോകത്തിൽ ജീവിച്ചകാലത്ത് മനുഷ്യരുടെ ഇടയിൽ പ്രബലമായിരുന്ന ഒരു ചോദ്യം, ദൈവജനം ഏതു വിധത്തിലാണ് ഭരണാധികാരികളുമായുള്ള ബന്ധത്തിൽ ആയിരിക്കേണ്ടത്? എന്നുള്ളതായിരുന്നു. ഒരു സന്ദർഭത്തിൽ യേശുവിന്റെ ശത്രുക്കൾ ''ഞങ്ങൾ കൈസർക്ക് കരം കൊടുക്കുന്നത് വിഹിതമോ അല്ലയോ?'' എന്ന് ചോദിച്ചു (ലൂക്കൊ. 20:22). യഹൂദന്മാർ റോമാക്കാരെ വെറുക്കുകയും അവർക്ക് കരം കൊടുക്കുന്നത് നിഷിദ്ധമായി കരുതുകയും ചെയ്തിരുന്നു. അവരുടെ ചോദ്യം ഒരു തന്ത്രപൂർവ്വമുള്ള

ചോദ്യമായിരുന്നു. യേശു ''അതെ'' എന്നു പറഞ്ഞിരുന്നെങ്കിൽ യേശു തന്റെ യഹൂദ അനുഗാമികളെ അകറ്റുമായിരുന്നു. ''അല്ല'' എന്നു പറഞ്ഞിരുന്നെങ്കിൽ അവന്റെ ശത്രുക്കൾക്ക് റോമൻ ഗവർണ്ണറോട് യേശുവിനെതിരായി വിവരം നല്കാമായിരുന്നു (ലൂക്കൊ. 20:20). യേശു ഒരു നാണയം കയ്യിൽ വാങ്ങിയിട്ട് ''ഇതിന്മേലുള്ള സ്വരൂപവും മേലെഴുത്തും ആരുടേത്'' എന്ന് ചോദിച്ചു. കൈസരുടേത് എന്ന് അവർ മറുപടി പറഞ്ഞു (ലൂക്കൊ. 20:24). അതിന് യേശു ''കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പിൻ'' എന്നു പറഞ്ഞു (ലൂക്കൊ. 20:25).

യഹൂദന്മാർ കൈസർക്കുള്ളതു കൈസർക്കു കൊടുക്കുവാൻ *ഇഷ്ടപ്പെട്ടിരുന്നില്ല*. യഹൂദന്മാർക്കും അവരുടെ വിശ്വാസത്തിനും വേണ്ടി റോമാക്കാർ ധാരാളം ആനുകൂല്യങ്ങൾ നല്കുമായിരുന്നെങ്കിലും റോമാക്കാരോടുളള അവരുടെ വെറുപ്പ് വർദ്ധിച്ചു വരികയായിരുന്നു. വെറുപ്പ് വർദ്ധിച്ചു വർദ്ധിച്ചു എ.ഡി. 66ൽ യഹൂദന്മാർ മത്സരം റോമസർക്കാരിനെതിരായി തുടങ്ങുകയും എ.ഡി. 70ൽ യരുശലേം പട്ടണം നശിപ്പിക്കപ്പെടുകയും ചെയ്തിരുന്നു.

പൗലൊസ് എ.ഡി. 57ലോ 58ലോ റോമാലേഖനം എഴുതുന്ന കാലത്ത് യഹൂദരുടെ വെറുപ്പും പകയും അതിന്റെ മൂർദ്ധന്യത്തിലെത്തിയിരുന്നു. നേരത്തെ നാം മനസ്സിലാക്കിയതുപോലെ സഭയിലും പട്ടണത്തിലും (2:17) ധാരാളം യഹൂദന്മാർ ഉണ്ടായിരുന്നു. എന്നു മാത്രമല്ല റോമാക്കാരോട് വെറുപ്പുണ്ടായിരുന്ന യെഹൂദന്മാർ തന്നെ ഉണ്ടായിരുന്നു. സഭയിൽ ചേർന്നിരുന്ന ജാതികൾ അവരുടെയിടയിലുണ്ടായിരുന്ന യഹൂദന്മാരോട് സഹതപിച്ചിരുന്നു കാണും. ചില വർഷങ്ങൾക്കുമുൻപ് റോം തന്നിലുള്ള ക്രിസ്ത്യാനികളെയും യെഹുദന്മാരെയും ഓടിച്ചു കളഞ്ഞിരുന്നു.[1]

ഈ സാഹചര്യവും വേറെ പലതും ഈ ലേഖനത്തിൽ ഈ ഭാഗം എഴുതുവാൻ പൗലൊസിനെ പ്രേരിപ്പിച്ചുകാണും. വേറൊരു കാരണം, ചിലർ ക്രിസ്ത്യാനികൾ ക്രിസ്തുവിലുള്ള സ്വതന്ത്ര്യത്തെ തെറ്റായി വ്യാഖ്യാനിച്ചിരിക്കും (ഗലാ. 5:1). ക്രിസ്തുവിൽ സ്വാതന്ത്ര്യം ഉള്ളതിനാൽ മറ്റാർക്കും കീഴ്പ്പെടേണ്ടതില്ല എന്ന് ചിന്തിച്ചിരുന്നിരിക്കും. അങ്ങനെ റോമക്കാരുടെ നിയമങ്ങളും അനുസരിക്കേണ്ടതില്ല എന്ന് കരുതിക്കാണും. ക്രിസ്ത്യാനികൾക്കെതിരായി പീഡ ഉണ്ടാകുമെന്നുള്ള ഒരു പ്രതീക്ഷയും പൗലൊസിൽ ഉണ്ടായിരുന്നിരിക്കാം. ചില വർഷങ്ങൾക്കു ശേഷം നിറോ ചക്രവർത്തിയാൽ ഉണ്ടായതുപോലെ. അങ്ങനെയെങ്കിൽ രാജ്യത്തോട് ക്രിസ്ത്യാനിയുടെ മനോഭാവം ഏതു വിധം ആയിരിക്കണം.

അതൊക്കെ എങ്ങനെയായിരുന്നാലും പരിശുദ്ധാത്മ പ്രേരിതനായി പൗലൊസ് കൃപയാൽ രക്ഷിയ്ക്കപ്പെട്ട വിശ്വാസി മാനുഷിക ഭരണകൂടവുമായി എങ്ങനെയായിരിക്കണം എന്ന നിർദ്ദേശം കൊടുക്കുകയാണ്. ഈ വിഷയം 1 തിമൊ. 2:1, 2; തീത്തൊസ് 3:1; 1 പത്രൊസ് 2:13, 14, 17 എന്നീ ഭാഗങ്ങളിലും പരാമർശിക്കുന്നുണ്ട്. എന്നാൽ റോമർ 13:1–7 ആണ് ഏറ്റവും നീണ്ട പുതിയ നിമയത്തിലെ ഈ വിഷയത്തെ-ക്കുറിച്ചുള്ള ചർച്ച എങ്കിലും ഈ ഭാഗം ഈ ബന്ധത്തെക്കുറിച്ച് പൂർണ്ണമായി ചർച്ച ചെയ്യുന്നില്ല. ചോദിക്കപ്പെടാവുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം തരുന്നുമില്ല. എന്നിരുന്നാലും നമ്മുടെ എല്ലാവരുടെയും ജീവിതത്തെ ബാധിയ്ക്കാവുന്ന പ്രശ്നത്തെക്കുറിച്ച് വെളിപ്പെടുത്തുന്നു.

നാം ക്രിസ്ത്യാനികളാകുമ്പോൾ ഇരുട്ടിന്റെ അധികാരത്തിൽനിന്നും സ്നേ

ഹസ്വരൂപനായ ദൈവപുത്രന്റെ രാജ്യത്തിലേക്ക് മാറ്റപ്പെടുകയാണ് ചെയ്യുന്നത് (കൊലൊ. 1:13). എന്നാൽ നാം ഭൗമികമായ ഒരു രാജ്യത്തിന്റെ അംഗങ്ങളായി തുടരുകയുമാണ്. രാജ്യത്തെ അധികാരികളുമായി നമ്മുടെ ബന്ധം ഏതു വിധമായിരിക്കണം? നമ്മുടെ ചുമതലകൾ എന്തെല്ലാമായിരിക്കണം? എങ്ങനെയുള്ള പൗരന്മാരായിരിക്കണം? ഇത്യാദികാര്യങ്ങളാണ് റോമർ 13:1–7-ൽ പൗലൊസ് പ്രബോധിപ്പിക്കുന്നത്.[2]

**വാക്യം 1. ‘‘ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ’’** എന്ന് തുടങ്ങുന്നു. ഈ ഭാഗത്തെക്കുറിച്ചു ചർച്ച തുടങ്ങുന്നതിനു മുൻപായി (13:1–7) *എന്തുകൊണ്ടാണ്* പൗലൊസ് ഇങ്ങനെയൊരു പൊതു ആജ്ഞ തരുന്നത് എന്ന് കണ്ടുപിടിയ്ക്കുവാൻ ഈ ഭാഗം ഒന്നായി വായിച്ചുനോക്കാം.

പൗലൊസ് നമ്മുടെ അനുസരണത്തിന്റെ അടിസ്ഥാനത്തിലാണ് എഴുതുന്നത്: **ദൈവത്താലല്ലാതെ ഒരധികാരവും ഇല്ലല്ലോ. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു.** അധികാരി, അധികാരം എന്നീ വാക്കുകൾ ἐξουσία (*exousia*) എന്ന ഗ്രീക്കു പദത്തിൽ നിന്നുള്ളതാണ്.[3] അധികാരം പ്രയോഗിക്കുവാൻ അവകാശമുള്ള എന്ന അർത്ഥം വരുന്നത്. ദൈവദൂതർക്കു വേണ്ടി *exousia* എന്ന പദം പൗലൊസ് ഉപയോഗിച്ചിട്ടുണ്ട് (എഫെ. 6:12). അപ്പൊസ്തലൻ ഇതു വിചാരിച്ചുകൊണ്ടാണ് എഴുതുന്നതെന്ന് ചിലർ ചിന്തിക്കുന്നു. ഏതായാലും മാനുഷികമായ അധികാരത്തെയാണ് ഉദ്ദേശിക്കുന്നത് (ലൂക്കൊ. 12:11). 13:6, 7-ൽ നികുതി കൊടുക്കുന്നതിനെപ്പറ്റി പറയുന്നതുകൊണ്ട് മാനുഷികമായ അധികാരം ആണെന്നു മനസ്സിലാക്കാം. ഫിലിപ്പ്സിന്റെ തർജ്ജമയിൽ (ഇശ്ശഹ മൗവേീൃശലേശ) എന്നു കാണുന്നു. ചഋഢ യിൽ ഗവൺമെന്റ് റൂളേർസ് എന്നാണ്.

പൗലൊസ് പറയുന്നത് അധികാരങ്ങൾ ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണെന്നത്രെ. τάσσω (*tassō*) എന്നു വച്ചാൽ ക്രമീകരിയ്ക്കപ്പെട്ടത് എന്നാണ് അർത്ഥം[4] (ഗഖഢ നോക്കുക). നാലാം വാക്യത്തിൽ നോക്കുമ്പോൾ മാനുഷിക സർക്കാറിനെ ദൈവശുശ്രൂഷക്കാർ എന്ന് രണ്ടുവട്ടം സൂചിപ്പിച്ചിട്ടുണ്ട്. 6-ാം വാക്യത്തിൽ മാനുഷിക അധികാരങ്ങളെ ദൈവത്തിന്റെ ശുശ്രൂഷക്കാർ എന്നു വിളിച്ചിരിക്കുന്നു. 13-ാം അദ്ധ്യായം പഠിക്കാത്ത ഒരാൾക്ക് ഇത് വളരെ അപരിചിതമായും അതിരുകടന്നതായും തോന്നാം. എങ്ങനെയായാലും മുൻപ് 9-ാം അദ്ധ്യായത്തിൽ ഫറവോനെക്കുറിച്ച് വിവരിക്കുമ്പോൾ ഇഹലോക ഭരണാധികാരികളുടെ മേൽ ദൈവത്തിനുള്ള അധികാരം വിവരിച്ചിരുന്നുവല്ലോ (9:16–18).

ഭൗമികമായ ഭരണാധികാരികൾ ദൈവത്തിന്റെ പരമാധികാരം ഉണ്ടെന്ന് എഴുതുന്ന ആദ്യ എഴുത്തുകാരൻ പൗലൊസല്ല. ദൈവത്തിനുവേണ്ടി സംസാരിക്കുമ്പോൾ ശലോമോൻ ഇങ്ങനെ പറയുന്നു. ‘‘ഞാൻ മുഖാന്തിരം രാജാക്കന്മാർ വാഴുന്നു. പ്രഭുക്കന്മാർ നീതി നടത്തുന്നു. ഞാൻ മുഖാന്തിരം അധിപതിമാരും പ്രധാനികളും ഭൂമിയിലെ ന്യായാധിപന്മാരൊക്കെയും ആധിപത്യം നടത്തുന്നു’’ (സദൃശ. 8:15, 16). കോരേശ് എന്ന ജാതിയരാജാവ് പേർഷ്യൻ ഭരണാധികാരിയായിരുന്നവനെ ദൈവത്തിന്റെ ഭരണാധിപനെന്നും ദൈവത്തിന്റെ അഭിഷിക്തനെന്നു വിളിച്ചിട്ടുണ്ട്. (യെശയ്യാവ് 44:28; 45:1) ബാബിലോണിയൻ രാജാവായ നെബുഖദ്നേസറിനോട് ദാനിയേൽ ‘‘രാജാക്കന്മാരെ നീക്കുകയും രാജാക്കന്മാരെ വാഴിക്കുകയും ചെയ്യുന്നു’’ എന്നും അത്യുന്നതനായ ദൈവം മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുന്നു എന്നും പറഞ്ഞിട്ടുണ്ട് (ദാനി. 2:21;

4:17-ൽ). യേശു പീലാത്തോസിന്റെ മുൻപിൽ വിസ്തരിക്കപ്പെട്ടപ്പോൾ പീലാത്തോസിനോട് "മേലിൽ നിന്നും കിട്ടിയിട്ടില്ല എങ്കിൽ എന്റെമേൽ നിനക്ക് അധികാരം ഉണ്ടാകുകയില്ലായിരുന്നു" എന്നു പറഞ്ഞ് (യോഹ. 19:11).

നാം ഈ ആത്മപ്രേരിതമായ വചനങ്ങൾ വായിക്കുമ്പോൾ നമ്മിൽ ധാരാളം ചോദ്യങ്ങൾ ഉത്ഭവിക്കുന്നു. മുമ്പും ഇപ്പോഴുമുള്ള ദുഷ്ടന്മാരായ ഭരണകർത്താക്കളെ നാം ഓർക്കുന്നു. ദൈവമാണോ ഇവരെയൊക്കെ വാഴിച്ചത്? എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുവാൻ നമുക്കു സാദ്ധ്യമല്ല. എങ്കിലും ദൈവത്തെയും മനുഷ്യ ഭരണകൂടങ്ങളെയും കുറിച്ച് ചില കാര്യങ്ങൾ കാണാൻ കഴിയും.

ഭരണാധികാരി *ദൈവത്താൽ സ്ഥാപിക്കപ്പെട്ടും മനുഷ്യരുടെ നന്മയ്ക്കായിട്ടും ആണ്.* കുടുംബത്തെയും (ഉല്പത്തി 2-4) സഭയെയും (പ്രവൃ. 2) ദൈവം സ്ഥാപിച്ചതാണ്. റോമർ 13 വ്യക്തമാക്കുന്നത് ഈ ലോക ഭരണകൂടങ്ങളും ദൈവത്താൽ സ്ഥാപിതമാണ് എന്നാണ്.[5] ഭരണസംവിധാനങ്ങൾ മനുഷ്യർക്ക് *ആവശ്യമാണ്.* ഇതാണ് ജയിംസ് ബർട്ടൺ കോഫ്മാന്റെ അഭിപ്രായം:

> ക്രമപ്പെടുത്താത്ത അധികാരത്തിലൂടെ ലോകം മുഴുവനും നാശത്തിലേക്കും താറുമാറായ അവസ്ഥയിലേക്കും വാഴും. കടിഞ്ഞാണിടാത്ത മനുഷ്യസ്വഭാവം ഒരു കാട്ടുമൃഗം പോലെയാണ്. രാജ്യനിയമങ്ങളുടെ കീഴിൽ ഒരു സമാധാനവും ശാന്തതയുമില്ലാതെ പരവശനായി കിടക്കുകയാണ്. ഒരവസരം കിട്ടിയാൽ ചങ്ങല തകർത്ത് ലോകത്തെ രക്തം കൊണ്ട് വിറയൽ പിടിപ്പിയ്ക്കാൻ ഒരുങ്ങിക്കിടക്കയാണ്.[6]

ജാക്ക് പി. ലൂയിസ് പറയുന്നത്: "ഏതുവിധത്തിലുള്ള ഭരണകൂടമായാലും അരാജകത്വത്തിനേക്കൾ നല്ലതാണ്."[7] ഏതുതരം ഭരണകൂടം ആണ് വേണ്ടതെന്നുള്ളതിനെക്കുറിച്ച് നാം യോജിക്കയില്ലായിരിക്കാം. എന്നാൽ ഇതിൽ നമുക്കു യോജിക്കാം: ഒരു ഭരണസംവിധാനം എന്നത് ദൈവത്താൽ സ്ഥാപിതമാണ്.

4-ാം വാക്യം പറയുന്നത് "നിന്റെ നന്മക്കായിട്ടല്ലോ അവൻ ദൈവ ശുശ്രൂഷക്കാരനായിരിക്കുന്നത്." അത് ഫിലിപ്പ്സ് ഇങ്ങനെ എഴുതുന്നു. "ഉദ്യോഗസ്ഥർ നിന്റെ സുരക്ഷിതത്വത്തിനായി ഉള്ള ദൈവശുശ്രൂ ഷക്കാരനാണ്." നമ്മുടെ സുരക്ഷിതത്വം മാത്രമല്ല നമ്മുടെ പട്ടണം, സംസ്ഥാനം, രാജ്യം എന്നിവയുടെ ഭരണസംവിധാനങ്ങൾ നമുക്കു തനിയെ ലഭ്യമാക്കുവാൻ സാധിക്കാത്ത ക്ഷേമ പ്രവർത്തനങ്ങൾ നമുക്കായി നിർവഹി ക്കുന്നുണ്ട്.

*എല്ലാ ഭരണാധികാരങ്ങളും നിലനില്ക്കുന്നത് ദൈവം അനുവദിച്ചിട്ടു മാത്രമാണ്.* ഒരു പ്രത്യേക സംവിധാനം ദൈവം ആക്കിയതാണെന്നല്ല. എന്നാൽ ദൈവം സമ്മതിച്ചിട്ടും അനുവദിച്ചിട്ടും ആണ് അവ നിലനില്ക്കുന്നത് എന്നു പറയാൻ കഴിയും. കഴിഞ്ഞ കാലങ്ങളിൽ സ്വേച്ഛാധികാരികൾ റോമർ 13:1-7 ദുരുപയോഗപ്പെടുത്തിയിട്ടു ചോദ്യം ചെയ്യാൻ കഴിയാത്ത അനുസരണം പ്രജകളിൽ നിന്നും പിടിച്ചുവാങ്ങി എന്ന് കാണാൻ കഴിയും. ദൈവം അവരുടെ ഭരണം സമ്മതിക്കുന്നു എന്നവർ അവകാശപ്പെട്ടു. അവർ റോമർ 13 ഉദ്ധരിച്ചിട്ടു സഭാധികാരികൾ അവരുടെ ദൈവത്തേക്കൂടാതെയുള്ള പരിപാടികൾ നടപ്പാക്കണമെന്ന് നിർബന്ധിച്ചു. പൗലൊസ് പഠിപ്പിച്ചത് മനുഷ്യരുടെ ഭരണസംവിധാനം ദൈവത്താൽ നിയമിക്കപ്പെട്ടതാണെന്നാണ്. എന്നാൽ ഓരോ ഭരണാധികാരിയെയും അധികാരസ്ഥാനത്താക്കിവെക്കുന്നത് ദൈവമാണെന്നല്ല.

എല്ലാ സർക്കാരുകളെയും ദൈവം നിയമിച്ചതാണെന്നർത്ഥമുണ്ടോ? ദൈവം കുടുംബം സ്ഥാപിച്ചു. എന്നുവച്ച് ഓരോ കുടുംബവും ദൈവയിഷ്ട ത്താൽ ഉള്ളതാണെന്നു പറയുവാൻ കഴിയുമോ? സഭ ദൈവം സ്ഥാപിച്ചതാണ് എന്നാൽ എല്ലാ കൂടിവരവും ദൈവയിഷ്ടത്താലുള്ളതാണെന്നു പറയാമോ? ഇല്ല (വെളി. 2:4, 14, 20). അതുപോലെ എല്ലാ സർക്കാരുകളും ദൈവത്തിന്റെ സമ്മതമുള്ളതല്ല.

റോമർ 13:1–7 ഉപയോഗിച്ച് ചോദ്യം ചെയ്യാനാവാത്ത അനുസരണം ആവശ്യപ്പെടുന്ന ഏതു ഭരണകൂടവും മനസ്സിലാക്കേണ്ടത് വചനം ഒരു ഇരു വായ്ത്തലവാൾ ആണ് അവൻ ദൈവശുശ്രൂഷക്കാരനായിരിക്കേണ്ടതാണ്. ദാസത്വം അഥവാ ശുശ്രൂഷയ്ക്ക് ചില ചുമതലകൾ നിറവേറ്റേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് ദൈവത്തോടു ദാസത്വം പുലർത്തണം![8] ദാനിയേൽ 2:21 പറയു ന്നത്. ദൈവം രാജക്കാന്മാരെ വാഴിക്കുന്നു എന്നു മാത്രമല്ല നീക്കുന്നു എന്നും പറയുന്നു. അത് ഏതു ഭരണാധികാരിക്കും ബുദ്ധി പകരുന്ന ചിന്ത ആയിരി ക്കേണ്ടതാണ്.

*ദുഷ്ട ഭരണകൂടത്തെ ചിലപ്പോൾ ദൈവം തന്റെ ഉദ്ദേശം നിറവേറുവാന ായി ഉപയോഗിക്കുന്നു.* ചില സന്ദർഭങ്ങളിൽ തന്റെ ഉദ്ദേശം നിവൃത്തിക്കുവാന ായി ദൈവത്തെ അറിയാത്ത ജാതികളെ ഉപയോഗിച്ചിട്ടുണ്ട്. യിസ്രായേലിനെ ശിക്ഷിയ്ക്കുവാനുള്ള വടിയായി അശൂരിനെ ദൈവം ഉപയോഗിച്ചിട്ടുണ്ട് (യെശ. 10:5). യഹൂദയെ അതിന്റെ ദുഷ്ടത നിമിത്തം ശിക്ഷിക്കുവാൻ ദൈവം ബാബിലോണിനെ ഉപയോഗിച്ചു (യിരെമ്യ. 25:9–11). പാർസിരാജാവായ കോരേ ശിനെ യഹൂദയുടെ അടിമത്വത്തിൽ നിന്നും സ്വതന്ത്രരാക്കുവാൻ ഉപയോഗിച്ചു (യെശയ്യ. 44:28–45:7; എസ്രാ. 1:1–4). ഇതു കാണിക്കുന്നത് ദൈവം ചിലപ്പോൾ ദുഷ്ടരായ ഭരണകൂടങ്ങളെയും തന്റെ ഉദ്ദേശ നിവൃത്തിക്കായി ഉപയോ ഗിക്കും എന്നാണ്. അതിനപ്പുറത്തേക്കു കടക്കുവാൻ നാം ധൈര്യപ്പെടേണ്ട. നാം അറിയുന്നത് ദൈവം എല്ലാ ഭരണകൂടങ്ങളെയും ഏതോ വിധത്തിൽ നിയന്ത്രിക്കുന്നുണ്ട്. അന്ത്യത്തിൽ അവന്റെ ഉദ്ദേശം നിറവേറുക തന്നെ ചെയ്യും.

ചിലപ്പോൾ ആളുകൾ നല്ല സർക്കാർ, ചീത്ത സർക്കാർ എന്ന് വ്യത്യാസ പ്പെടുത്തി പറയാറുണ്ട്. നാം നല്ല സർക്കാരുകൾക്ക് കീഴ്പെ ട്ടാൽ മതി എന്നു പറയുന്നു. പൗലൊസിന്റെ കാലത്തെ ഭരണകൂടത്തെ പ്പറ്റി ചിന്തിക്കാം. (റോമർ 13:1–7) റോമൻ ഭരണകൂടം. ‘‘അതൊരു നല്ല സർക്കാർ ആയിരുന്നുവോ’’? അതിലെ ചില കാര്യങ്ങളൊക്കെ നല്ലതായിരുന്നു.[9] എന്നാൽ ചരിത്രം വെളിപ്പെ ടുത്തുന്നത് റോമൻ സർക്കാർ അഴിമതിയും അക്രമവും നിറഞ്ഞതായിരുന്നു എന്നാണ്.[10] പൗലൊസ് എഴുതുന്ന സമയത്ത് നീറോ ആയിരുന്നു ചക്രവർത്തി. ആർ. സി. ബെൽ നീറോയെ വർണ്ണിക്കുന്നത് ‘‘മനുഷ്യത്വമില്ലാത്ത മൃഗം’’ എന്നാണ്, ‘‘മാതൃഹന്താവ്’’ ആയിരുന്നു.[11] എന്നിട്ട് അപ്പൊസ്തലൻ പറയുന്നു. ‘‘ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവു മില്ലല്ലോ’’ (13:1).

റോമൻ സർക്കാരിനോട് പൗലൊസിന് നേരത്തേ തന്നെ പക്ഷമായി രുന്നു എന്ന് ചിലർ പറയുന്നു. റോമർ 13 എഴുതിയപ്പോൾ താൻ ഒരു റോമാ പൗരനായിരുന്നു അവർ അതനുസരിച്ച് അദ്ദേഹത്തോടു പെരുമാറിയിരു ന്നു. എന്നാൽ പിന്നീട് താൻ തന്റെ നിലപാടുമാറ്റി. എന്നാൽ ആ അഭിപ്ര ായം പരിശുദ്ധാത്മ നിയോഗത്തെ അവഗണിയ്ക്കുന്നതാണ്. സംഗതികളുടെ വാസ്തവസ്ഥിതിയെ തള്ളുന്നതുമാണ്. റോമാലേഖനം എഴുതുന്നതിനു മുൻപ

˘ തന്നെ പൗലൊസ് റോമൻ അധികാരികളാൽ തടവിലാക്കപ്പെടുകയും അടിക്കപ്പെടുകയും ചെയ്തിട്ടുണ്ട് (പ്രവൃ. 16:22-24). മൂന്നു തവണ ദണ്ഡുകളാൽ അടിയേൽക്കപ്പെട്ടു (2 കൊരി. 11:25). ഇത് റോമരുടെ ശിക്ഷാ രീതിയായിരുന്നു. പൗലൊസ് നാലു വർഷത്തോളം തെറ്റായി തടവിൽ കിടക്കാനിടവരുകയും മാറ്റം ചെയ്തത് റോമൻ ശിക്ഷയിലാണ്[12] എന്നിട്ടും ഇതെഴുതി:

> എന്നാൽ സകല മനുഷ്യർക്കും നാം സർവ്വ ഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന് വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥൻമാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം (1 തിമൊ. 2:1, 2).

> വാഴ്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിപ്പാനും..... അവരെ ഓർമ്മപ്പെടുത്തേണം (തീത്തൊ. 3:1).

പീഢകളുടെ നടുവിൽ പത്രൊാസ് അപ്പൊസ്തലൻ ഇങ്ങനെ എഴുതി,

> സകല മനുഷനിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവീൻ. ശ്രേഷ്ഠാധികാരി എന്നു വച്ചു രാജാവിനും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നു വെച്ച് നാടുവാഴികൾക്കും കീഴടങ്ങുവിൻ - നിങ്ങൾ നന്മ ചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളത് ദൈവേഷ്ടം ആകുന്നു. സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതയ്ക്ക് മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. എല്ലാവരെയും ബഹുമാനിപ്പിൻ. സഹോദര വർഗ്ഗത്തെ സ്നേഹിപ്പിൻ. ദൈവത്തെ ഭയപ്പെടുവിൻ. രാജാവിനെ ബഹുമാനിപ്പിൻ (1 പത്രൊാസ് 2:13-17).

പുതിയ നിയമത്തിന്റെ സ്ഥിരമായ ദൂത് എന്തെന്നാൽ ഒരു ക്രിസ്ത്യാനി ''ഒരു ഉത്തമ പൗരനായിത്തീരുവാൻ'' ശ്രമിച്ചുകൊണ്ടിരിയ്ക്കണം (13:1; MSG). അധികാരസ്ഥാനത്ത് ആരുതന്നെ ആയിരുന്നാലും ക്രിസ്ത്യാനി ഒരു ഉത്തമപൗരനാകാൻ ശ്രമിക്കണം.

മാനുഷികമായ അധികാരം ദൈവത്താൽ നിയമിക്കപ്പെട്ടതാണെന്ന വസ്തുത മനസ്സിൽ വച്ചുകൊണ്ട് നമുക്ക് ഈ പാഠഭാഗം പഠിക്കാം. ഒന്നാം വാക്യം - എല്ലാവരും ശ്രേഷ്ഠ അധികാരത്തിനു കീഴടങ്ങട്ടെ. ഏതു മനുഷ്യനും എന്നുള്ളത് ''ആത്മാവ്'' എന്നർത്ഥം വരുന്ന ψυχή (*psuchē*) എന്ന വാക്കിൽനിന്നും തർജ്ജമ ചെയ്തിട്ടുള്ളതാണ്. 1 പത്രൊാസ് 3:20 ലെപ്പോലെ ആളുകളെ ഉദ്ദേശിച്ചാണ്. കീഴടങ്ങട്ടെ എന്നുള്ളത് ὑπερέχω (*hupotassō*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. ὑπό (*hupo*), τάσσω (*tassō*) എന്നിവ പ്രാഥമികമായി ഇത് ഒരു സൈനിക വാക്കാണ് (ഭീ ര്യമിസ റീഹി).[13] ചില തർജ്ജമയിൽ ''അനുസരിക്കുക'' എന്നു കാണാം. അതിൽ അനുസരണമുണ്ട് അതിൽ കൂടുതലുമുണ്ട്. അതിന് അനുസരണം, സഹകരണം, ആത്മാർത്ഥത ഇതെല്ലാം അടങ്ങിയിട്ടുണ്ട്. കീഴടങ്ങുക എന്നാൽ ഭരിയ്ക്കുന്ന അധികാരികൾക്ക് നമ്മെ വിട്ടുകൊ

ടുക്കുക എന്നർത്ഥം.[14]

"അധികാരങ്ങൾ" എന്ന വാക്ക് ὑπερέχω (*huperechō*) എന്നതിൽ നിന്നാണ്. അത് ὑπέρ (*huper*, "ഓവർ") ἔχω (*echō*) എന്നിവയിൽ നിന്നുള്ള താണ്. അക്ഷരികമായി മറ്റവരിൽ നിന്നും "ഉയർന്നവനായി" നിൽക്കുക എന്നർത്ഥം. "മേലോട്ടു ഉയരുക" നിയന്ത്രണം ചെയ്യുന്ന ഒരാളാകുക. അതാണ് "അധികാരത്തിൽ ഇരിക്കുക" എന്ന വാക്ക്.[15]

"നല്ല സർക്കാർ" എന്നും "തീയ സർക്കാർ" എന്നും ആളുകൾ പറയുന്നതുപോലെ "നല്ല നിയമങ്ങൾ" എന്നും "ചീത്ത നിയമങ്ങൾ" എന്നും പറയാറുണ്ട്. അവർ അർത്ഥമാക്കുന്നത് അവരെ സംബന്ധിച്ച് ഒരു ആവശ്യവുമില്ലാത്തതെന്നോ അവർക്കു സൗകര്യമായ നിയമങ്ങളെന്നോ അർത്ഥമാക്കാം. അല്ലെങ്കിൽ ബുദ്ധിമുട്ടിക്കുന്ന നിയമങ്ങൾ. ചീത്ത നിയമങ്ങൾ അനുസരിക്കുവാൻ ഞങ്ങൾക്കു ബാദ്ധ്യതയില്ല എന്നു പറയുന്നു. സർക്കാറിന്റെ നിയമങ്ങളും നിർദ്ദേശങ്ങളും മൂലം നാം ബുദ്ധിമുട്ടനുഭവിയ്ക്കുന്നുണ്ട്. സർക്കാരിന്റെ വാഹന നിയമങ്ങൾ, കെട്ടിട നിയമങ്ങൾ, നികുതി നിയമങ്ങൾ നടത്തിപ്പിലുള്ള താമസം ഇവയൊക്കെ നമ്മെ വല്ലാതെ വിഷമിപ്പിക്കാറുണ്ട്. നിയമാവലിയാൽ നാം വരിഞ്ഞുമുറുക്കപ്പെടുന്നു. ഇവയുടെ ആവശ്യമോ ആവശ്യമില്ലായ്മയോ ഒന്നും നമ്മോട് പറഞ്ഞിട്ടില്ല നാം അനുസരിച്ചേ മതിയാവൂ.

അതിന്റെ അടിസ്ഥാന തത്വത്തിന് വല്ല മാറ്റവുമുണ്ടോ? ഒന്നു നമുക്കറിയാം പണ്ട് പത്രൊസ് പറഞ്ഞതാണ്. പത്രൊസിനോടും യോഹന്നാനോടും മേലാൽ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കരുതെന്ന് ആജ്ഞാപിച്ചു (പ്രവൃ. 4:18). അവർ അതിനെ അവഗണിച്ചു. അവരെ അധികാരികളുടെ മുമ്പാകെ കൊണ്ടുവന്നു. പത്രൊസ് ഈ അതിശ്രേഷ്ഠമായ മറുപടികൊടുത്തു. "ഞങ്ങൾ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (പ്രവൃ. 5:29). ഈ കാര്യം നമ്മുടെ ഈ വിഷയത്തിനനുസരണമായി എങ്ങനെ ഈ തത്വം നടപ്പിലാക്കും? നാം രാജ്യത്തെ നിയമങ്ങൾ അനുസരിക്കണം അത് ദൈവ കല്പനക്ക് വിപരീതമാകാതെയിരുന്നാൽ. പഴയ നിയമത്തിൽ നിന്നും പല ഉദാഹരണങ്ങൾ കാണുന്നുണ്ട്. പഴയ നിയമത്തിൽ ശദ്രക്ക്, മേശക്ക്, അബേദ്നെഗോ ബിംബത്തിന്റെ മുമ്പിൽ മുട്ടു കുത്തുവാൻ വിസമ്മതിച്ചു (ദാനി. 3), ദാനിയേൽ "തന്നോടല്ലാതെ മറ്റാരോടും പ്രാർത്ഥിക്കരുത്"എന്നുള്ള രാജകല്പന അവഗണിച്ചു (ദാനി. 6). പുതിയ നിയമത്തിൽ അന്തിപ്പാസ് വിശ്വാസം ത്യജിയ്ക്കാത്തതിനാൽ അവനെ രക്തസാക്ഷിയാക്കി (വെളി. 2:13).

ഈ സത്യം അവസാനിപ്പിക്കുന്നതിനു മുൻപേ രണ്ടു കാര്യങ്ങൾ നാം ഉറപ്പിക്കണം. ഒന്ന്, നാം "മനുഷ്യരേക്കാൾ അധികം ദൈവത്തെ അനുസരിയ്ക്കുമ്പോൾ" ഉണ്ടാകുന്ന ഫലം അനുഭവിക്കുവാൻ ഒരുക്കമുള്ളവരായിരിക്കണം. അപ്പൊസ്തലൻമാർക്കും ശദ്രക്ക്, മേശക്ക്, അബേദ്നോഗോ എന്നവർക്കും ദാനിയേലിനും അന്തിപ്പാസിനും എന്തു ഭവിച്ചെന്ന് ചിന്തിക്കുക. രണ്ടാമത് നാം നല്ല മനസാക്ഷിയുള്ള നിയമാനുസരണക്കാർ ആയിരിക്കണം അല്ലെങ്കിൽ നമ്മുടെ പ്രവർത്തിയെ മനസ്സാക്ഷിയുടെ വെളിപ്പാടായികരുതുകയില്ല. നാം ഉപദ്രവം ഉണ്ടാക്കുന്നവരാണെന്നുള്ളതിനു തെളിവായി ചിന്തിക്കാം. പത്രൊസ് ഇങ്ങനെ എഴുതി. "നിങ്ങളിൽ ആരും കൊലപാതകനോ കള്ളനോ ദുഷ്പ്രവർത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്. ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടത്." അപ്പൊൾ ഇതാണ് നമുക്കുള്ള നിയമം

(1 പത്രൊസ് 4:15, 16).

ഒരു തദ്ദേശീയമായതോ സംസ്ഥാനത്തുനിന്നുള്ളതോ ദേശീയമായതോ ആയ ഒരു നിയമം, ദൈവത്തിന്റെ ഏതെങ്കിലും ഒരു നിയമത്തെ ലംഘിക്കുന്നില്ലെങ്കിൽ അതനുസരിക്കുക. പരസ്പര വൈരുദ്ധ്യമുള്ളതാണോ? അനുസരിക്കുക. അത് സമൂഹത്തിൽ ചിലർക്ക് കൂടുതൽ അവകാശം കൊടുക്കുന്നതാണോ? അനുസരിക്കുക. ജിമ്മി അലൻ ഈ വീക്ഷണമാണ് കാത്തു സൂക്ഷിച്ചിരുന്നത്: നിയമം നല്ലതോ ചീത്തയോ എന്നുള്ളതല്ല നമ്മുടെ പ്രാഥമിക നോട്ടം. ഈ നിയമം നടപ്പിലായാൽ അത് ദൈവത്തിന്റെ വചനത്തെ ലംഘിക്കുന്നതാകുമോ (പ്രവൃത്തി. 4:19) എന്നു മാത്രമായിരിക്കണം. ദോഷം ചെയ്യിക്കുന്നതല്ലെങ്കിൽ യഥാർത്ഥ ശിഷ്യന്മാർ ഞങ്ങൾക്കു ബുദ്ധിമുട്ടാണെങ്കിലും ആ നിയമത്തിന് കീഴ്പെടും.[16]

**വാക്യം 2.** ശ്രേഷ്ഠാധികാരങ്ങൾക്ക് നാം കീഴടങ്ങേണത് എന്തുകൊണ്? ഒന്നാമത് ദൈവമാണ് എല്ലാ അധികാരവും സ്ഥാപിച്ചത്: ഈ വാക്യത്തിന്റെ ആരംഭത്തിൽ അതു പറഞ്ഞിട്ടുണ്: അധികാരത്തോടു മറുക്കുന്നവൻ ദൈവ വ്യവസ്ഥയോടു മറുക്കുന്നു. SEB യിൽ ഒരാൾ അധികാരത്തോട് മറുത്താൽ ദൈവവ്യവസ്ഥയോടു മറുക്കുന്നു എന്നാണ്. മാനുഷിക അധികാരത്തോടു മത്സരിച്ചാൽ ദൈവത്തോടു മത്സരിക്കുന്നതിനു തുല്ല്യമാണ്.

"പ്രതിരോധിക്കുക" (Resist) എന്ന വാക്ക് ἀντιτάσσω (*antitassō*), എന്ന ഗ്രീക്കു പദത്തിൽനിന്നാണ്. ἀντί (*anti*) എന്നത് എതിരായിട്ടുള്ളത് എന്ന അർത്ഥം, τάσσω (*tassō*) എന്നാൽ "ക്രമീകരിക്കുന്നതിന്" (േീ മൃൃമിഴല). നാം ദൈവത്തിന്റെ ക്രമീകരണത്തിൻ കീഴിൽ നടക്കേണ്ടവരാണ് (അദ്ധ്യായം 13-ൽ). അതിന് നാം വിസമ്മതിക്കുന്നെങ്കിൽ അതിനർത്ഥം നാം ദൈവത്തോടു മത്സരിക്കുന്നു എന്നാണ്. കോഫ്മാൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്,

> ക്രിസ്തു ഒരിക്കലും ഒരു ജനപ്രക്ഷോഭണം നടത്തിയിട്ടില്ല. ഒളിപ്പോരാട്ടം സംഘടിപ്പിച്ചില്ല. സർക്കാരിനെ വിമർശിച്ചിട്ടില്ല. റോമൻ സർക്കാരിനെതിരായി യഹൂദന്മാരുടെ പക്ഷം ചേർന്നു നിന്നിട്ടുമില്ല. ക്രിസ്തുവിന്റെ വിശുദ്ധമായ ഉപദേശങ്ങൾ ചരിത്രത്തിന്റെ ഗതിയുടെ മേൽ തീവ്രമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നുള്ളത് സത്യമാണ്. ഏങ്കിലും അതെപ്പോഴും പുളിമാവിന്റെ പ്രവർത്തനം പോലെയായിരുന്നു. എന്നാൽ ഒരു സ്ഫോടക വസ്തുപോലെ ആയിരുന്നില്ല.[17]

രാജ്യത്തിന്റെ അധികാരത്തിന് കീഴടങ്ങിയിരിക്കേണം എന്നുള്ളതിന് രണ്ടാമത്തെ കാരണമായി പൗലൊസ് പറയുന്നത്, ശിക്ഷ ഒഴിവാക്കുവാൻ കൂടിയാണ്. **മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും.** ശിക്ഷാവിധി എന്നുള്ളത് "വിധി" എന്ന സാധാരണ വാക്ക് κρίμα (*krima*) ആണ്. KJVയിലെ "റമാിമ ശേീ" എന്ന വാക്ക് കൂടുതലാണ്. NEB കുറെ അടുത്ത ആശയം തരുന്നു: "മറുക്കുന്നവർക്ക് അവർക്കു ലഭിക്കുന്ന *ശിക്ഷയിൽ* നന്ദിയുള്ളവരായിരിയ്ക്കാം" എന്നാണ്. തുടർന്നുള്ള വാക്യങ്ങളിൽ നിന്നും പൗലൊസ് അധികാരികളിൽ നിന്നും ലഭിയ്ക്കാവുന്ന ശിക്ഷയെക്കുറിച്ചാണ് പറയുന്നതെന്നു മനസിലാക്കാം. എന്നാൽ നിശ്ചയമായും ദൈവത്തിൽനിന്നുള്ള ശിക്ഷയുണ്ടാകും എന്ന കാര്യം തള്ളിക്കളയുവാൻ സാധിക്കയില്ല. കാരണം അനുസരണം കെട്ടവർ ദൈവത്താൽ നിയമിതമായ ഒരു വ്യവസ്ഥയോടാണ് മത്സരിക്കുന്നത്.

**വാക്യം 3.** പൗലൊസ് അതേ ചിന്താഗതി തുടരുന്നു. "**വാഴുന്നവർ സൽപ്ര വർത്തിക്കല്ല;**[18] **ദുഷ്പ്രവർത്തിക്കത്രെ, ഭയങ്കരം അധികാരസ്ഥനെ ഭയപ്പെടാ തിരിക്കുവാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക. എന്നാൽ അവനോട് പുകഴ്ച്ച ലഭിക്കും**" ഫിലിപ്സ് എഴുതുന്നത് "മാനസി കമായ ഉൽക്കണ്ഠ ഇല്ലാതാക്കു വാൻ ആഗ്രഹിക്കുന്നുവോ? എന്നാൽ നിയമാനുസൃതമായ ഒരു ജീവിതം നയിക്കുക" മോശമായ ഭരണകൂട ങ്ങളും നല്ല പൗരന്മാരെ ഇഷ്ടപ്പെടുന്നു എന്നത് ഒരു അംഗീകരിയ്ക്കപ്പെട്ട സത്യമാണ്.

**വാക്യം 4.** "**നിന്റെ നന്മക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാര നായിരിക്കുന്നത്.**" διάκονος (*diakonos*) എന്നാൽ ദാസൻ എന്നർത്ഥം. ഇവിടെ ശുശ്രൂഷക്കാരൻ. സഭയിലെ ശുശ്രൂഷക്കാരൻ, സുവിശേ ഷകൻ, മറ്റു പ്രവർത്തകർ എന്നിവർക്കായി ഉപയോഗിയ്ക്കപ്പെട്ടിട്ടുള്ള വാക്കു തന്നെ (12:7; 1 തിമൊ. 3:10, 13; 4:6). രാജ്യഭരണകൂടം "ദൈവ ത്തിന്റെ ശുശ്രൂഷകരല്ല" എന്നതും നിശ്ചയമാണ്, മറ്റുള്ള പറയപ്പെട്ടവരെപ്പോലെ. സഭയിലെ ശുശ്രൂഷ കന്മാരും മറ്റു പ്രവർത്തകരും അവർ ദൈവത്തെ സേവിക്കുകയാണെന്നറിയു ന്നു. അവർ പൂർണ്ണ സമ്മതത്തോടെ അതു ചെയ്യുന്നു. മറിച്ച് രാജ്യത്തിന്റെ അധികാരികൾ അവർ ദൈവശുശ്രൂഷകരാണെന്ന് അറിയുന്നില്ല. ആ നിലയിൽ പ്രവർത്തിക്കുവാൻ തീരുമാനിച്ചവരുമല്ല. എന്നാൽ അറിഞ്ഞോ അറിയാതെ യോ, സമ്മതത്തോടെയോ അല്ലാതെയോ ആത്മപ്രേരിതനായ പൗലൊസിന്റെ വാക്കുകളിൽ മാനുഷിക ഭരണകൂടം ദൈവത്തിന്റെ ശുശ്രൂഷകരാണ്, "നിന്റെ നന്മക്കായി ദൈവശുശ്രൂഷകനാണ്."

പല എതിർപ്പുകളും ഇതിനെതിരായി പറയാം: "പലപ്പോഴും അവർ നന്മക്കാ യിട്ടല്ല തിന്മയുടെ ദാസന്മാരായി പ്രവർത്തിക്കുന്നില്ലേ?" പൗലൊസ് അവർ പലപ്പോഴും നീതിയായിട്ടല്ല അനീതിയായും സ്ഥിരതയില്ലാതെയും ഒക്കെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമായി മനസ്സിലാക്കിയിരുന്നു.

- കൊരിന്തിൽ വച്ച് ദേശാധിപതിയായിരുന്ന ഗല്ലിയോന്റെ മുൻപിൽ തനിയ്ക്ക് മാന്യമായ പെരുമാറ്റം ലഭിച്ചു (പ്രവൃ. 18:12–16) എന്നാൽ അതിനു മുൻപ് ഫിലിപ്പിയയിൽ വച്ച് തനിക്ക് വളരെ മോശമായ പെരുമാറ്റമാണ് റോമൻ അധികാരികളിൽ നിന്നും ലഭിച്ചത് (പ്രവൃ. 16:19–39).
- പിന്നെയും കുറെ കാലത്തിനുശേഷം യരുശലേമിൽ വച്ച് കൊലചെയ്യാന ായി ഒരുങ്ങിവന്ന യഹൂദ ജനക്കൂട്ടത്തിൽ നിന്നും റോമൻ പടയാളിക ളാണ് പൗലൊസിനെ രക്ഷപെടുത്തിയത് (പ്രവൃ. 21:27–36). എന്നാൽ പൗലൊസ് കൈസര്യയിൽ രണ്ടുവർഷം റോമൻ കാരാഗൃഹത്തിൽ കഴിയേണ്ടിവന്നത് ഒരു ദുഷിച്ച റോമൻ ഉദ്യോഗസ്ഥന് കൈകൂലി കൊടുക്കാതെയിരുന്നതുമൂലമാണ് (പ്രവൃ. 24:26, 27).
- എന്നാൽ പിന്നീട് അവന്റെ റോമാപൗരത്വം അവനെ മരണത്തിൽ നിന്നും രക്ഷപെടാൻ ഇടയാക്കുകയും കൈസരെ അഭയം ചൊല്ലുവാൻ ഇടയായതു മൂലം അങ്ങനെ യഹൂദന്മാരിൽനിന്നും രക്ഷപെടു കയും ചെയ്തു (പ്രവൃ. 25:9–12). എന്നാൽ ആത്മപ്രേരണയില്ലാത്ത പാരമ്പര്യങ്ങളിൽ നിന്നും ഒരു റോമൻ വാളാൽ തന്റെ ശിരസ്സ് ശരീരത്തിൽ നിന്നും വേർപെടുവാൻ ഇടയായി അങ്ങനെ മരിച്ചു എന്ന് നാം അറിയുന്നു.[19] (2 തിമൊ. 4:6–8-ൽ തന്റെ രക്തസാക്ഷിത്വം

പ്രതീക്ഷിയ്ക്കപ്പെട്ടിരുന്നു എന്ന് നാം വായിക്കുന്നു.)

ഇങ്ങനെ പല അനുഭവങ്ങളുടെ ശേഷം എന്തുകൊണ്ടാണ് രാജ്യത്തിന്റെ അധികാരി നന്മക്കായി ദൈവത്തിന്റെ ശുശ്രൂഷകനാണെന്ന് പൗലൊസ് പഠിപ്പിക്കുന്നത്? എന്തുകൊണ്ടെന്നാൽ *സാധാരണയായി* അതു സത്യമാണെന്നുള്ളതുകൊണ്ടാണ്. സാധാരണമായി പറഞ്ഞാൽ അധികാരി നന്മയ്ക്ക് പ്രതിഫലം നല്കുകയും ദോഷമായ പ്രവർത്തികളെ ശിക്ഷിയ്ക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുക എന്നുള്ളത് അവരുടെ നന്മയാണ്. ഈ തത്വത്തിനെതിരായി പ്രവർത്തിക്കുന്ന സർക്കാരും അധികാരവും അധിക നാൾ നിലനില്ക്കുകയില്ല.

നാലാം വാക്യം ഇങ്ങനെ തുടരുന്നു, “**നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെയല്ല അവൻ വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ**”. 12–ാം അദ്ധ്യായം വ്യക്തമാക്കുന്നത് നാം പ്രതികാരം ചെയ്യരുത് അതിനു പകരം നാം നമ്മുടെ കാര്യം ദൈവത്തിൽ ഭരമേൽപ്പിയ്ക്കണം (12:19) എന്നാണ്. ഈ ജീവിതത്തിൽ തന്നെ ദൈവം ശിക്ഷ വിധിയ്ക്കുന്ന ഒരു രീതി പരസ്യകോടതികളിൽ കൂടിയാണ്.

“വെറുതെയല്ല അവൻ വാൾ വഹിക്കുന്നത്” എന്നതിന്റെ അർത്ഥം നിയമം നടപ്പാക്കുവാൻ നിർബന്ധിയ്ക്കുന്നവർ വെറും കാഴ്ച്ചയ്ക്കായിട്ടല്ല ഇതു ചെയ്യുന്നത് എന്നാണ്. വാൾ എന്നത് ദോഷം ചെയ്യുന്നതിൽ നിന്നും ഭയപ്പെടുത്തി പിന്തിരിപ്പിക്കുവാനുള്ളതെന്നാണ് ഇതു സൂചിപ്പിക്കുന്നത് ഇതും ദൈവത്തിന്റെ ക്രമീകരണം ആണെന്നുതന്നെയാണ്. നടപ്പിലാക്കുന്നതിനുള്ള ശക്തീകരണം ഇല്ലാത്ത നിയമം ഒരു വെറും സദുപദേശം മാത്രമാണ്. അധികാരികൾ “മരണകരമായ നിർബന്ധം” പ്രയോഗിക്കുന്നത് ആവശ്യമാണ്.[20]

ദോഷത്തെ ശിക്ഷിക്കുന്നത് പൗലൊസിന്റെ വിഷയമായിരിക്കയാൽ 4–ാം വാക്യം ദൈവം വധശിക്ഷയെ അനുകൂലിക്കുന്നു എന്നതിന്റെ സൂചനയായി കണക്കാക്കാം. 8:35ൽ വാൾ (μάχαιρα, *machaira*) എന്നുപയോഗിച്ചിരിക്കുന്നതിന് അശുഭമായ അർത്ഥമാണുള്ളത്. അവിടെ ഘോരമായ മരണവും കൊലയും ആണ്. ജയിംസ് ഡെന്നി അഭിപ്രായപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്. വാൾ നിരന്തരമായി എടുത്തിരുന്നു. പ്രത്യേകിച്ച് ഉയർന്ന ന്യായാധിപന്മാരുടെ സാന്നിദ്ധ്യത്തിൽ പിടിച്ചിരുന്നു. അത് ജീവന്റെയും മരണത്തിന്റെയും “അധികാരം തങ്ങളുടെ വശം ഉണ്ട്” എന്നുള്ളതിന്റെ പ്രതീകമായിരുന്നു.[21] “വാൾ അധികാരത്തിന്റെ ചിഹ്ന” മാണെന്ന് ല്യൂയിസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതോടുകൂടെ മരണശിക്ഷയ്ക്കുള്ള അധികാരവും ഉണ്ടെന്നുള്ളത് വ്യക്തമാക്കിയിരുന്നു.[22] നാം ഒരു തിരുവചനഭാഗം വായിക്കുമ്പോൾ ചോദിയ്ക്കേണ്ട ഒരു ചോദ്യം എന്തെന്നാൽ ആദ്യമായി ഇതു വായിക്കുന്നവരുടെ മനസ്സിൽ എന്തർത്ഥം തോന്നിയിരിക്കും? 13:4–ാം വാക്യം വായിക്കുന്നവർക്ക് റോമർ 13:4 നെക്കുറിച്ച് ബോബ് ഇ. ആഡംസ് അഭിപ്രായപ്പെട്ടിരിക്കുന്നു. “ദോഷം പ്രവർത്തിയ്ക്കുന്നവരെ കൊല്ലുന്നതിനുള്ള അവകാശം ഞങ്ങൾക്കുണ്ട്” എന്നു കാണിക്കുന്നതാണ് ഈ ഭാഗം എന്ന് അവർക്കു മനസിലായി കാണും.[23]

പണ്ട് നോഹയ്ക്ക് ദൈവം നിർദ്ദേശങ്ങൾ കൊടുത്തു. “ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും” (ഉല്പത്തി. 9:6). ഈ തത്വം മോശെയുടെ ന്യായപ്രമാണത്തിന്റെ ഭാഗമായിരു

ന്നു (പുറപ്പാട് 21:12). റോമർ 13 സൂചിപ്പിക്കുന്നത് ഇത് പുതിയ നിയമത്തിന് അനുസരിച്ചുള്ളതുതന്നെയാണെന്നത്രെ. വധശിക്ഷയെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഇത് ഉത്തരം നല്കുന്നില്ല. ''വധശിക്ഷയാണോ ഏറ്റവും ഫലപ്രദമായ ഭയപ്പെടുത്തി പിന്തിരിപ്പിക്കുന്ന ശിക്ഷ?'' അഥവാ ഏറ്റവും നീതിപൂർവ്വമായ ശിക്ഷ?[24] എന്നിവ റോമർ. 13:4 ഉറപ്പായി പ്രസ്താവിക്കുന്നത് രാജ്യത്തിന്റെ തത്വമായ വധശിക്ഷ ദൈവഹിതത്തിന് എതിരല്ല എന്നതാണ്.

ഈ സ്ഥാനത്ത് അനേകം വിഷമിപ്പിക്കുന്ന ചോദ്യങ്ങൾ ഉയരുന്നു. ദോഷത്തെ ശിക്ഷിക്കുവാനായി ദൈവം രാജ്യത്തെ ഭരണസംവിധാനത്തെ അധികാരപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഒരു *ക്രിസ്ത്യാനിക്ക്* ഈ പ്രവൃത്തി നടപ്പാക്കുവാൻ സാധിക്കുമോ? വേറെ വാക്കുകളിൽ പറഞ്ഞാൽ ഒരു ക്രിസ്ത്യാനിക്ക് രാഷ്ട്രത്തിന്റെ ഉദ്യോഗസ്ഥനാവാൻ സാധിക്കുമോ?[25] ഒരു പോലീസുകാരനോ പട്ടാളക്കാരനോ ആകുവാൻ സാധിക്കുമോ? ഒടുവിലത്തെ ചോദ്യത്തിനുത്തരമായി ഇല്ല എന്ന് കുറെ വർഷം മുമ്പുവരെ പറയുമായിരുന്നു. എന്നാൽ ഇപ്പോൾ മിക്കവരും സാധിയ്ക്കും എന്നു പറഞ്ഞേക്കും. ഈ ചോദ്യത്തെ സംബന്ധിച്ച് നാം സമകാലിക പ്രശ്നങ്ങളാൽ സ്വാധീനിയ്ക്കപ്പെട്ട് പുതിയനിയമം പറയുന്നത് എന്തു തന്നെ ആയിരുന്നാലും വർഷങ്ങളായി ഈ വിഷയങ്ങൾ സ്വന്തം തെരഞ്ഞെടുപ്പിനു വിധേയമാക്കിയിരിക്കുകയുമാണ്. ക്രിസ്ത്യാനിക്ക് അവനവന്റെ മനസ്സാക്ഷിയനുസരിച്ച് എന്തു ചെയ്യണമെന്ന് തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം ഉണ്ട് എന്ന് അംഗീകരിയ്ക്കപ്പെട്ടിരിക്കുന്നു. (റോമർ 14–ൽ നാം നമ്മിൽ നിന്നും വ്യത്യസ്തമായ അഭിപ്രായമുള്ളവരോട് എങ്ങനെ പെരുമാറണമെന്ന് പഠിപ്പിക്കുന്നു.)

ഇതുപോലെയുള്ള ചോദ്യങ്ങൾ ചർച്ചചെയ്ത് നമുക്ക് വളരെ പേജുകൾ നിറയ്ക്കാം. എന്നാൽ റോമർ 13:4ലെ പൗലൊസിന്റെ അഭിപ്രായവുമായി അതിന് സാമ്യമുണ്ടാകുകയില്ല. പൗലൊസ് ഉറപ്പായി പറയുന്ന ഒരു കാര്യം എന്താണെന്നു ചോദിച്ചാൽ അത് നാം രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കാതെയിരുന്നാൽ നാം ശിക്ഷിയ്ക്കപ്പെടും എന്നാണ്. അതുകൊണ്ട് നാം അവ അനുസരിക്കണം.

**വാക്യം 5.** പിടിക്കപ്പെടാതെ രാജ്യനിയമത്തെ ലംഘിക്കാമെന്ന് ഒരാൾക്ക് ഉറപ്പുണ്ടെങ്കിൽ രാജ്യത്തെ ശിക്ഷ വാങ്ങാതെയിരിക്കാം എങ്കിൽ എന്ത്? 5–ാം വാക്യത്തിൽ അതിനുത്തരം നല്കുന്നു: ''**അതുകൊണ് ശിക്ഷയെ മാത്രമല്ല മനസ്സാക്ഷിയെയും വിചാരിച്ച് കീഴടങ്ങുക ആവശ്യം**'' തെറ്റിനെയും ശരിയേയും തിരിച്ചറിയുവാൻ ദൈവം നമുക്കു തന്നിട്ടുള്ള ദൈവദത്തമായ കഴിവാണ് മനസ്സാക്ഷി (കാണുക 2:14, 15). വേഗത കുറയ്ക്കുന്നതിനുള്ള നിയമം ചിലർ അനുസരിക്കുന്നത് ശിക്ഷകിട്ടാതിരിക്കുന്നതിനു വേണ്ടിമാത്രമാണ്. ചിലർ ആദായനികുതി കൊടുക്കുന്നത് ഉപദ്രവിക്കപ്പെടാതിരിക്കുവാൻ മാത്രമാണ്. പൗലൊസ് പറയുന്നത് നാം അധികാരത്തെ അനുസരിക്കേണ്ടത് അത് സുരക്ഷിതമായ മാർഗ്ഗമായതുകൊണ്ടല്ല; അത് *ശരിയായ* കാര്യമായതുകൊണ്ടാണ് എന്നത്രെ (ജവശഹഹശു; ലാുവമശെ മററലറ). ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് അങ്ങനെയായതുകൊണ്ടാണ്. പൗലൊസിനെപ്പോലെ നാമെല്ലാവരും ''ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ ഒരു കുറ്റവുമില്ലാത്ത മനസ്സാക്ഷി ഉണ്ടായിരിക്കുവാൻ ശ്രദ്ധിയ്ക്കണം'' (പ്രവൃ. 24:16).

**വാക്യം 6.** 1 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് ഒരു ക്രിസ്ത്യാനിയുടെ മാനുഷികമായ ഭരണവ്യവസ്ഥിതിയോടുള്ള ബന്ധങ്ങളുടെ പെ

ാതുതത്വങ്ങളെ ഉറപ്പിച്ചു കാണിച്ചു. നാം രാജ്യത്തെ നിയമങ്ങളെ അനുസരിക്കണം. നാം ഉത്തമപൗരന്മാരായിരിക്കണം. 6, 7 വാക്യങ്ങളിൽ അപ്പൊസ്തലൻ പ്രത്യേകമായ നിർദ്ദേശങ്ങൾ ഉത്തമ പൗരന്മാർക്കുള്ളത് നല്കുന്നു.

6-ാം വാക്യം പറയുന്നത് **അതുകൊണ്** (മാനുഷിക ഭരണവ്യവസ്ഥിതി ദൈവത്താൽ നിയമിക്കപ്പെട്ടതായതിനാൽ) **നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവ ശുശ്രൂഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരും ആകുന്നു.** നാലാം വാക്യത്തിൽ "ശുശ്രൂഷക്കാർ" എന്നു പറഞ്ഞ വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അത് λειτουργός (*leitourgos*) എന്നൊരു വാക്കാണ്. പൗരോഹിത്യശുശ്രൂഷയുടെ സ്വഭാവമുള്ള വേല ചെയ്യുന്നവൻ.[26] അതിനർത്ഥം ഭൗമിക വേലക്കാർ എങ്കിലും തങ്ങൾ അറിയാതെതന്നെ ദൈവ ശുശ്രൂഷചെയ്യുന്നവർ ദൈവത്തിനുവേ - ണ്ടി പ്രവർത്തിക്കുന്നു, പക്ഷേ അവർ അതു തിരിച്ചറിയുന്നില്ല.[27]

"ആ കാര്യം തന്നെ നോക്കുന്നവരാകുന്നു" അത് പൗലൊസ് പറയുകയോ ഉൾപ്പെടുത്തുകയോ ചെയ്ത സത്യം മാനുഷിക ഭരണകൂടങ്ങൾ ചെയ്യുന്നത്: തങ്ങളുടെ പൗരന്മാരെ സംരക്ഷിക്കുകയും അവർക്കു വേണ്ടതായ സേവനങ്ങൾ (അവർക്കു തന്നെത്താൻ ചെയ്വാൻ സാധിക്കാത്തത്) ചെയ്തുകൊടുക്കയുമാണ്. ഭരണ വ്യവസ്ഥിതി ദൈവം ഉണ്ടാക്കിയതായതുകൊണ്ടും അവർ (ഒരു തരത്തിൽ) ദൈവഉദ്ദേശം നിവർത്തിക്കുന്നതുമൂലവും നാം നികുതി കൊടുക്കണം. ജോൺ R. W. സ്റ്റോട്ട് പറഞ്ഞു എത്രമാത്രം സർക്കാർ സഹായം നമുക്കാവശ്യമുണ്ട് (അത് അടയ്ക്കുന്ന നികുതിയനുസരിച്ചാണ്) എന്നതിനെക്കുറിച്ച് ആളുകൾ ഭിന്നാഭിപ്രായക്കാരാണ് എന്ന്. എന്നാൽ എല്ലാവരും സമ്മതിക്കുന്ന ഒന്നുണ്ട്. രാജ്യം ചില സേവനങ്ങൾ ചെയ്യണം. അതിന് നാം പണം നല്കണം. അതിനായി നികുതികൊടുക്കേണ്ടത് ആവശ്യമാണ്. ഈ ചർച്ചയിൽ നികുതി കൊടുക്കണം എന്നെഴുതിയത് ഒരു പുനർ വിചാരമായിട്ടല്ല. ഇതിനു മുൻപുള്ള വാക്യങ്ങളിൽ ഈ ഉപസംഹാരത്തിന് ഒരു അടിസ്ഥാനമിട്ടിട്ടുണ്ട്. യഹൂദന്മാർ റോമിന് നികുതി കൊടുക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ കൊടുക്കുക തന്നെ വേണമെന്ന് പൗലൊസ് നിർബന്ധിച്ചിരിക്കുന്നു. നാം നികുതികൊടുക്കാതെയിരുന്നാൽ നാം ഭരണകൂടത്തെ ചതിക്കുകമാത്രമല്ല, നമ്മുടെ ചുമതല നിർവഹിക്കാതെയിരിക്കുകയും അങ്ങനെ ദൈവത്തോട് അനുസരണക്കേടു കാണിക്കയും ചെയ്യുകയാണ്.[28]

നികുതി കൊടുക്കണമെന്നുള്ള ഉപദേശം ഈ ചർച്ചയുടെ ഒടുവിൽ ഉണ്ടായ ഒരു ചിന്തയല്ല. ഇതിനു മുമ്പുള്ള വാക്യങ്ങളിൽ പൗലൊസ് ഇങ്ങനെയുള്ള ഒരു സമാപനത്തിന് അടിസ്ഥാനമിട്ടിരുന്നു. യഹൂദന്മാർ റോമിന് നികുതി കൊടുക്കുന്ന കാര്യം വെറുത്തിരുന്നു. പക്ഷേ അതു ചെയ്യുകതന്നെ വേണം എന്ന് പൗലൊസ് നിർബന്ധം പിടിച്ചു. നാം നികുതി കൊടുക്കാതിരിക്കുന്നതു മൂലം സർക്കാരിനെ ചതിക്കുകയും ന്യായമായി നമ്മുടെ പങ്ക് ചെയ്യാതിരിക്കുകയും ആണ്. ഇതിനെല്ലാം മേലായി ദൈവത്തോട് അനുസരണക്കേടുകാണിക്കുകയും ചെയ്യുകയാണ്.

വേറെ ഒരു എതിർപ്പ് സാധാരണ കേട്ടുവരുന്നുണ്ട്: "ഞാൻ നികുതി കൊടുക്കുമ്പോൾ സർക്കാർ ഉൾപ്പെട്ടിട്ടുള്ള ദൈവത്തെക്കൂടാതെയുള്ള പ്രവർത്തനങ്ങളെ ഞാൻ തുണയ്ക്കുകയാണ്!" "കൈസർക്കുള്ളത് കൈസർക്കു കൊടുക്കാം എന്ന് യേശു പറഞ്ഞ വചനങ്ങളോർക്കാം" (ലൂക്കൊ. 20:25). പൗലൊസ് റോമാ ഗവൺമെന്റിന് നികുതി കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞതും

ഓർക്കാം. രാഷ്ട്രീയമായ അഴിമതിയും രാജ്യത്തിന്റെ മുതൽ ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥന്മാരാൽ നിറഞ്ഞതുമായ റോമൻ സാമ്രാജ്യം. യേശു കർത്താവും പൗലൊസ് അപ്പൊസ്തലനും പറഞ്ഞത് അവർക്ക് നികുതി കൊടുക്കണമെന്നാണ്. പണം ബുദ്ധിപൂർവ്വം ചെലവഴിക്കണമെന്നുള്ളത് ഉദ്യോഗസ്ഥരുടെ ചുമതലയാണ്. അവർ ചെലവഴിക്കുന്നത് തെറ്റായ രീതിയിലായതിനാൽ നികുതി കൊടുക്കുന്നതിൽ നിന്ന് നാം ഒഴിവാകുന്നില്ല.

**വാക്യം 7.** പൗലൊസ് തന്റെ ചിന്തകളെ വീണ്ടും ശക്തീകരിക്കുന്നു, "**എല്ലാവർക്കും കടമായുള്ളത് കൊടുപ്പിൻ.**" എല്ലാവർക്കും എന്നുള്ളത് എല്ലാ അധികാരികൾക്കും എന്ന് സന്ദർഭാനുസരണം മനസ്സിലാക്കാം. ചെറിയവൻ മുതൽ വലിയവൻ വരെ. അല്പനായവൻ മുതൽ ഏറ്റവും പ്രധാനപ്പെട്ടവൻവരെ. "Render" ἀποδίδωμι (*apodidōmi*) എന്ന ഗ്രീക്കു വാക്ക് യേശു കൈസർക്കു കൊടുക്കുവാൻ പറഞ്ഞ വാക്കുതന്നെയാണ്. അത് വീണ്ടും വിശദമായി പറഞ്ഞിരിക്കുന്നു (ലൂക്കൊ. 20:25).

"എല്ലാവർക്കും കടമായുള്ളത് കൊടുപ്പീൻ" എന്നു പറഞ്ഞത് വീണ്ടും വിശദമാക്കിയിട്ടുണ്ട്: "**നികുതി കൊടുക്കേണ്ടവനു, നികുതി, ചുങ്കം കൊടുക്കേണ്ടവനു ചുങ്കം.**" നികുതി എന്നത് φόρος (*phoros*) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. 6-ാം വാക്യത്തിൽ ഉപയോഗിച്ചിട്ടുള്ളതും യേശുവിനോട് അവർ ചോദിച്ചതുമായ വാക്കുതന്നെ (ലൂക്കൊ. 20:22). *Phoros* ന്റെ അർത്ഥം ആക്രമിച്ച് അധീനമാക്കിയ രാജ്യത്തിലെ പ്രജകൾ കൊടുക്കേണ്ട ചുങ്കം എന്നാണ്.[29] ചുങ്കം എന്നത് τέλος (*telos*) എന്ന വാക്കിൽ നിന്നുമുള്ളത് പൊതു ആവശ്യത്തിനായുള്ള പിരിവ് (toll, tax, custom).[30] ഇതാണ് മത്തായി 17:25ൽ ഉപയോഗിച്ചിട്ടുള്ളത്. ദേവാലയകരം പൗലൊസ് ഇതെല്ലാം ഉപയോഗിച്ചു.[31] ഇതിലുള്ള സന്ദേശം വ്യക്തമാണ് - ക്രിസ്ത്യാനികൾ തങ്ങളുടെ എല്ലാ കരവും കൊടുക്കണം.

അപ്പൊൾ പൗലൊസ് ഒരു വിഷയം കൂടെ കൂട്ടിച്ചേർക്കുന്നു. ചിലയാളുകൾക്ക് കൂടുതൽ പ്രയാസം അതായിരിക്കാം: "**ഭയം കാണിക്കേണ്ടവനു ഭയം, മാനം കാണിക്കേണ്ടവനു മാനം.**" ഭയം എന്നത് *phobos* ൽ നിന്നും തർജ്ജമ ചെയ്യപ്പെട്ടതാണ്. ഇതിനു വ്യത്യസ്തമായ പല ആശയങ്ങളുമുണ്ട്. മൂന്നും നാലും വാക്യങ്ങളിൽ ശിക്ഷയെക്കുറിച്ചുള്ള ഭയം എന്ന അർത്ഥത്തിൽ ഇതു ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ 7-ാം വാക്യത്തിൽ ഇതിന് വ്യത്യസ്തമായ അർത്ഥമാണുള്ളത്. ഇവിടെ ആദരവ്, ബഹുമാനം എന്ന അർത്ഥത്തിലാണ് ബഹുമാനം എന്ന അർത്ഥമാണിവിടെ വിവക്ഷിക്കുന്നത് (RSV; NRSV; NIV; AB; McCord) മാനം (Honour) എന്നത് τιμή (*timē*) ൽ നിന്നുവരുന്ന പദമാണ്.[32] ഒന്നിനെ വിലയുള്ളതായി കരുതുന്നത് സന്ദർഭാനുസരണമായി പൗലൊസ് സർക്കാർ ഉദ്യോഗസ്ഥന്മാരെയാണ് ഉദ്ദേശിക്കുന്നതെന്നോർക്കുക.

ഒരു അവസാന എതിർപ്പുകൂടെ കുറിയ്ക്കട്ടെ. ഒരു പ്രത്യേക സർക്കാർ ഉദ്യോഗസ്ഥനോട് ആദരവ് കാണിപ്പാൻ എനിക്കു സാധിക്കുന്നില്ല. ഞാൻ അയാളെ മാനിക്കുന്നില്ല. അയാൾ അവിശ്വസ്തനും യാതൊരു സന്മാർഗ്ഗബോധവും ഇല്ലാത്തവനുമാണ്! പൗലൊസ് റോമൻ സർക്കാരിന്റെ ഉദ്യോഗസ്ഥന്മാരെക്കുറിച്ചാണ് പറയുന്നത്. അവരിൽ അനേകരും അഴിമതിക്കാരും ദുർമ്മാർഗ്ഗികളും ആയിരുന്നു. പത്രൊസ് രാജാവിനെ ബഹുമാനിക്ക [τιμάω, *timaō*], എന്നു പറഞ്ഞപ്പോൾ (1 പത്രൊ. 2:17) അദ്ദേഹം ദുഷ്ടനായ നീറോ ചക്രവർത്തിയെക്കുറിച്ചാണ് പറയുന്നത്. അവരുടെ ആളത്വത്തെ മാനിപ്പാൻ

കഴിയുകയില്ലെങ്കിൽ അവരുടെ ഉദ്യോഗത്തെ മാനിയ്ക്കുക പ്രവർത്തി 23:1-5-ൽ പൗലൊസ് ഒരാളുടെ ഉദ്യോഗത്തെ മാനിച്ചു ആളിനെ ബഹുമാനിക്കുവാൻ കഴിയാതെയിരുന്നിട്ടും ഡടലെ ചില പ്രസിഡന്റുമാരെ വ്യക്തിഗതമായി ബഹുമാനിപ്പാൻ സാദ്ധ്യമല്ലെങ്കിലും അവർ എന്റെ മുറിയിലേക്കു കടന്നു വരികയാണെങ്കിൽ ഞാൻ ചാടിയെണീറ്റ് അവരെ മാനിക്കും.

അവരുടെ സ്ഥാനത്തോടുള്ള ആദരവു മൂലം റോമർ 13:1-7 വരെയുള്ള തിരുവചനത്തിലെ പാഠങ്ങളെ എങ്ങനെ ചുരുക്കമായി ഉപസംഹ രിക്കും? വില്യം ബാർക്ലേ അതിനെ ഇങ്ങനെ ചുരുക്കമായി ഉപസംഹരിച്ചിരിക്കുന്നു:

> ''പൗലൊസ് രാജ്യത്ത് ദൈവകരങ്ങളിൽ ഒരു ഉപകരണം കണ്ടു. അത് ലോകത്തെ താറുമാറാക്കുന്ന സ്ഥിതിയിൽ നിന്നും സൂക്ഷിക്കുന്ന ഒരു ഉപകരണമായിരുന്നു. ഈ വലിയ വേലയിൽ രാജ്യത്തെ ഭരിച്ചുകൊണ്ടിരുന്ന ആളുകൾ അവരുടെ പങ്ക് വഹിച്ചുകൊണ്ടിരുന്നു. അവർ അതു മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവർ ചെയ്തുകൊണ്ടിരിക്കുന്നത് ദൈവത്തിന്റെ വേലയായിരുന്നു. ക്രിസ്ത്യാനിയുടെ ചുമതല അതിനെ സഹായിക്കുകയാണ്. തടസ്സപ്പെടുത്തുകയല്ല.''[33]

റോമർ 13:1-7 വരെയുള്ള ഭാഗത്ത് മാനുഷികമായ ഭരണവ്യവസ്ഥയുമായുള്ള ബന്ധത്തെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിച്ചില്ല. ഉദാഹരണമായി ഇവിടെ ഭരണ വ്യവസ്ഥിതിയ്ക്കുവേണ്ടി, പ്രവർത്തകർക്കുവേണ്ടി പ്രാർത്ഥിക്കുന്ന കാര്യം 1 തിമൊഥെയൊസ് 2:1, 2 ലേതുപോലെ സ്പർശിച്ചിട്ടില്ല.[34] 1 തിമൊ. 2 മുതൽ റോമർ 13 വരെയുള്ള ഭാഗങ്ങളിലും ക്രിസ്ത്യാ നിയുടെ അടിസ്ഥാനപരമായ സർക്കാരിനോടുള്ളത് കൊടുക്കുക, പ്രാർത്ഥിയ്ക്കുക അനുസരിക്കുക എന്നിവയാണ്. അതിനപ്പുറമായി എന്തെങ്കിലുമുണ്ടെങ്കിൽ അത് ഒരോരുത്തരുടെയും വ്യക്തിപരമായ മനസ്സാക്ഷിയനുസരിച്ചാകട്ടെ.[35]

## അയല്ക്കാരോടുള്ള ബന്ധം (13:8-10)

**8അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ. 9വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത്, എന്നുള്ളതും മറ്റ് ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. 10സ്നേഹം കൂട്ടുകാരന് ദോഷം പ്രവർത്തിക്കുന്നില്ല. ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ പ്രവൃത്തി തന്നെ.**

വിഷയം ക്രിസ്ത്യാനിക്ക് സർക്കാരിനോടുള്ള മനോഭാവവും പെരുമാറ്റവും (13:1-7) എന്നതിൽനിന്നും മാറി അയല്ക്കാരോടുള്ള മനോഭാവവും പെരുമാറ്റവും എങ്ങനെയായിരിക്കണമെന്നുള്ളതിലേക്കു വരുന്നു (13:8-10). പൗലൊസ് തന്റെ വായനക്കാരെ അയല്ക്കാരെ സ്നേഹിക്കുവാനും അങ്ങനെ ന്യായപ്രമാണം നിവർത്തിയ്ക്കുവാനും പ്രേരിപ്പിക്കുന്നു.

**വാക്യം 8.** ചിന്താദ്യോതകമായ ഈ കല്പനയോടെ ഈ ഭാഗം ആരംഭിക്കുന്നു. ''**അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കട**

**മെട്ടിരിക്കരുത്.**'' ചിലർ ചിന്തിക്കുന്നത് ക്രിസ്ത്യാനി ഒരിക്കലും ആരോടും ഒന്നും തന്നെ കടം വാങ്ങരുത് എന്നാണ്. അമേരിക്കൻ ഐക്യനാടുകളിൽ 1930കളിൽ ജീവിച്ചിരുന്ന ആളുകൾ കടുത്ത സാമ്പത്തിക മാന്ദ്യത്തിൽ കൂടെ കടന്നു പോകേണ്ടി വന്നു. അവർക്ക് ഈ ഒരു മനോഭാവമാ ണുണ്ടായിരുന്നത്. ഒരു കാര്യത്തിന് കൊടുക്കുവാൻ ''നിന്റെ പക്കൽ പണമില്ലെങ്കിൽ നിനക്കത് ആവശ്യമില്ല!'' എന്നായിരുന്നു. ആ ചിന്താഗതിയെക്കുറിച്ച് ഞാൻ സഹതപ ിക്കുന്നു. എന്നാൽ പൗലസ് ഇങ്ങനെ എഴു തിയപ്പോൾ തന്റെ മനസ്സിൽ അങ്ങ നെതന്നെ ആയിരുന്നു എന്ന് ഞാൻ വിചാരിക്കുന്നു.[36]

''ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്'' എന്നുള്ളത് 7-ാം വാക്യത്തിന്റെ പിന്തുടർച്ചയാണ്.[37] അതിങ്ങനെയാണ് ''എല്ലാവർക്കും കടമായുള്ളതു കൊടു പ്പിൻ നികുതി കൊടുക്കേണ്ടവനു നികുതി.'' ചുങ്കം കൊടുക്കേണ്ടവനു ചുങ്കം, ഭയം കാണിക്കേണ്ടവനു ഭയം, മാനം കാണിക്കേണ്ടവനു മാനം. സാന്ദർഭിക മായി ആരോടും ഒന്നും കടമ്പെട്ടിരിക്കരുത് എന്നു പറഞ്ഞാൽ ഞാൻ പറഞ്ഞ കാര്യങ്ങളൊന്നും ചെയ്യുന്നതിൽ തോറ്റുപോകരുത്. നികുതി കൊടുക്കണം രാജ്യത്തെ അധികാരികളെ ബഹുമാനിയ്ക്കണം. ആദരിക്കണം. അടിസ്ഥാ നപരമായ ആശയം എന്തെന്നാൽ നിനക്കു കടമായുള്ളത്, നീ ചെയ്യേണ്ടത് ഒന്നും ചെയ്യാതിരിക്കരുത്.[38] NIV യിൽ ഒരു കടവും വീട്ടാത്തതായി കിടക്കരുത് എന്നാണ്. NLT യിൽ ''നിന്റെ കടങ്ങളെല്ലാം വീട്ടുക'' എന്നാണ്.

നമ്മുടെ എല്ലാ കടങ്ങളും വീട്ടണം എന്നതുകൊണ്ട് നമ്മുടെ സർക്കാ രിനോടുള്ള കടങ്ങൾക്കുപരിയായി അതിനെ വ്യാഖ്യാനിക്കണമോ? മിക്ക വാറും അങ്ങനെ വേണമായിരിക്കണം. പൗലൊസ് തന്റെ ഉപദേശം കൂടുതൽ പൊതുസ്വഭാവമുള്ളതായി പഠിപ്പിക്കുന്നു. എപ്പോഴും നമ്മെ ഓർമ്മിപ്പിക്കണം നാം ദൈവമക്കൾ എന്ന നിലക്ക് നമ്മുടെ കടങ്ങളെല്ലാം വീട്ടിയിരിക്കണം എന്ന കാര്യം. ദുഷ്ടൻ വായ്പ വാങ്ങുന്നു തിരികെകൊടുക്കുന്നില്ല. വായ്പ വാങ്ങി യാൽ തിരികെ കൊടുക്കാത്ത ക്രിസ്ത്യാനികളെക്കൊണ്ട് യേശു ക്രിസ്തു വിന്റെ പ്രവർത്തനത്തിനും ഉദ്ദേശങ്ങൾക്കും വലിയ ആപത്തു നേരിട്ടിട്ടുണ്ട് (സങ്കീ. 37:21).[39]

നമ്മുടെ കടങ്ങൾ എല്ലാം നാം വീട്ടണം. എന്നാൽ ഒരു കടം ഉണ്ട് അത് നമുക്ക് കൊടുത്തു മുഴുവനായി തീർക്കാൻ സാധിക്കുകയില്ല. **അത് തമ്മിൽ തമ്മിൽ സ്നേഹിക്കുക** എന്ന കടം ആണ്. ഡി. സ്റ്റുവാർട്ട് ഡിസ്ക്കോ ഇങ്ങനെ പറഞ്ഞു. ''സ്നേഹം ആളുകളുടെ മനസ്സിൽ ഒരു ഉന്നതമായ ആദർശത്തി ന്റെയും സുഖകരമായതും ഐഛികമായതുമായ ഒരു അധികപ്പറ്റായും വസി ക്കുന്നതായി കാണപ്പെടുന്നു''. എന്നാൽ അപ്പൊസ്തലൻ സ്നേഹത്തെക്കു റിച്ചു നിർബന്ധമായി പറയുകയാണ്. ''സ്നേഹം ഒരു കടമാണ്. നികുതിയും വ്യക്തിപരമായ കടബാദ്ധ്യതയും പോലെതന്നെ കൊടുത്തു തീർക്കേണ്ട ഒരു കടമാണ്'' എന്നു പഠിപ്പിക്കുകയാണ്. ''അന്യോന്യം'' എന്നുള്ള പ്രയോഗം തമ്മിൽ തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും എന്നൊക്കെ അർത്ഥമാക്കാം.[40]

കൂട്ടു ക്രിസ്ത്യാനികൾ എന്നർത്ഥം (12:10 കാണുക). എന്നാൽ സ്വന്തം സഭാംഗങ്ങളായ സഹോദരങ്ങൾ എന്നതിനപ്പുറമായി വിസ്തൃതമായ ഒരർത്ഥം ഉണ്ട്. സർവ്വമനുഷ്യരെയും സ്നേഹിക്കുവാൻ നാം കടമ്പെട്ട വരാണ്.

എന്തുകൊണ്ടാണ് എല്ലാവരെയും സ്നേഹിക്കുവാൻ കടമ്പെട്ടിരിക്കു ന്നത്? കർത്താവ് നമ്മെ സ്നേഹിച്ചതുകൊണ്ട്. നാം എല്ലാവരെയും സ്നേ ഹിക്കേണം (1 യോഹ. 4:11). അനേകം എഴുത്തുകാർ ഉദ്ധരിക്കാറുണ്ട്.[41] സ്ഥിര

മായ കടത്തെക്കുറിച്ച് എഴുതാറുണ്ട്. അദ്ദേഹം ഇങ്ങനെ പറഞ്ഞു: കൊടുത്തു തീർക്കാത്ത ഏക കടം സ്നേഹം മാത്രമായിരിക്കട്ടെ. (അന്യോന്യം സ്നേഹിക്കുന്നത് അല്ലാതെ ആരോടും ഒന്നും കടംപെട്ടിരിക്കരുത്) ഈ ഒരു കടം മുഴുവൻ തീർക്കുവാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കണം. എന്നാൽ തീർക്കുവാൻ ഒരിക്കലും സാധിക്കാത്തതുമാണ്.[42] എന്ന് ഒരു വിഖ്യാത ഗ്രന്ഥത്തിന്റെ കർത്താക്കന്മാർ എഴുതി,

> യേശുക്രിസ്തു നമ്മുടെ മേൽ ചൊരിഞ്ഞ സമൃദ്ധിയായ സ്നേഹത്തെ ഓർക്കുമ്പോൾ നാം ക്രിസ്തുവിന് സ്ഥിരം കടക്കാരാണ്. ഈ കടം വീട്ടുവാൻ നാം തുടങ്ങുകയെങ്കിലും ചെയ്യുന്നത് മറ്റുള്ളവരെ നാം സ്നേഹിക്കുവാൻ ആരംഭിക്കുമ്പോഴാണ്. ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ സ്നേഹത്തേക്കാൾ എത്രയോ അതിരില്ലാതവണ്ണം വലുതാകയാൽ നമുക്ക് നമ്മുടെ അയൽക്കാരെ സ്നേഹിക്കുന്ന കടം നില്ക്കുന്നു.[43]

തന്റെ ചർച്ച തുടർന്നുകൊണ്ട് സ്നേഹിക്കേണ്ടതിന്റെ ഒരു ആവശ്യം എന്താണെന്നു പൗലൊസ് പറയുന്നു: **തന്റെ അയല്ക്കാരനെ സ്നേ ഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ.** മൂലഗ്രന്ഥത്തിൽ ന്യായപ്രമാണത്തിന്റെ ഏത് എന്നു സൂചനയില്ല. എന്നാൽ 9-ാം വാകൃത്തിൽ പൗലൊസ് ന്യായപ്രമാണത്തിൽ നിന്നും ഉദ്ധരിക്കുന്നു (പുറ. 20; ആവ. 5). മോശെയുടെ ന്യായപ്രമാണത്തിലെ പ്രാഥമിക പ്രസ്താ വനയാകുന്നുവെന്ന് സൂചിപ്പിക്കുന്നതിനാകുന്നു NASBയുടെ പരിഭാഷകർ "the" ചേർക്കുന്നത്. അത് മോശെയുടെ ന്യായപ്രമാണമെന്നു കാണിക്കുന്നു. തന്റെ അയല്ക്കാരനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തി ച്ചിരിക്കുന്നു. എന്നു പറയുമ്പോൾ ന്യായപ്രമാണം മുഴുവനും എന്നല്ല. തന്റെ കൂടെയുള്ള മനുഷ്യരോടുള്ള ബന്ധത്തിൽ നിവർത്തിച്ചിരിക്കുന്നു എന്നാണ്.

**വാകൃം 9.** പൗലൊസ് എന്താണ് ചിന്തിച്ചതെന്നു പറയുന്നു:

> **"വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത് മോഹിക്കരുത് എന്നുള്ളതും മറ്റേതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു."**

ഈ വാകൃം പത്തു കല്പനകളിൽ നാലെണ്ണം ഉദ്ധരിച്ചുകൊണ്ടാണ് തുടങ്ങുന്നത്. പുറപ്പാട് 20 ലും ആവർത്തനം 5 ലും ഉള്ളവയാണ് ഇവ. ഈ കല്പനകൾ സാധാരണ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാമത് കല്പനകൾ നമ്മുടെ ദൈവവുമായുള്ള ബന്ധത്തെ വിവരിക്കുന്നു. അവസാനത്തെ ആറു കല്പനകൾ മറ്റുള്ളവരുമായുള്ള ബന്ധത്തിൽ പ്പെട്ടവയാണ്. പൗലൊസിന്റെ ഉദാഹരണങ്ങൾ രണ്ടാമത്തെ ഗണത്തിൽ പ്പെട്ടവയാണ്:

ഏഴാമത്തെ കല്പന: "നീ വ്യഭിചാരം ചെയ്യരുത്" (13:9മ; പുറ. 20:14) പത്തു കല്പനയിൽ വ്യഭിചാരം എല്ലാ ലൈംഗിക പാപങ്ങളെയും ഉൾക്കൊള്ളിച്ചിരിക്കുന്നു. എന്നാൽ ആ കല്പന ഒരാളുടെ വിവാഹ പ്രതിജ്ഞയെ സ്പർശിക്കുന്നതും അതിനോട് വിശ്വസ്തത പാലിക്കുന്നനോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ കല്പന ഭവനത്തെ സുര

ക്ഷിതമാക്കുന്നു.

ആറാമത്തെ കല്പന: ''നീ കൊല ചെയ്യരുത്'' (13:9യ; പുറ. 20:13 കാണുക). കൊല ചെയ്യുന്നതുവഴി നീ മനഃപൂർവ്വം മറ്റൊരാളിന്റെ ജീവൻ എടുത്തുകളയുകയാണ്.

ഈ കല്പന ജീവനെ രക്ഷിക്കുന്നു: ''മോഷ്ടിക്കരുത്'' (13:9ര; പുറ. 20:15 കാണുക). മോഷ്ടിക്കുക എന്നാൽ അനുവാദം കൂടാതെ മറ്റൊരാളിന്റെ വകയെ എടുക്കുന്നതാണ്. ഈ കല്പന വസ്തുവകകളെ സൂക്ഷിക്കുന്നു.

പത്താമത്തെ കല്പന: ''മോഹിക്കരുത്'' (13:9റ; പുറ. 20:17 കാണുക), മോഹം എന്നാൽ മറ്റൊരാൾക്കുള്ളതിനെ ശക്തിയായി ആഗ്രഹിക്കുകയാണ്. ഈ കല്പന ഹൃദയത്തെ സുരക്ഷിതമാക്കുന്നു.

പൗലൊസ് പുറപ്പാട് പുസ്തകം 20ലെ ക്രമം അനുസരിച്ചല്ല പറയുന്നത്. തന്നെയുമല്ല പൗലൊസ് അഞ്ചാമത്തെയും ഒൻപതാമത്തെയും കല്പനകൾ ഒഴിവാക്കിയിട്ടുണ്ട്: ''നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക'' എന്നതും ''കള്ള സാക്ഷ്യം പറയരുത്'' എന്നുള്ളതും വിട്ടുകളഞ്ഞു.[44] (ഇതും വേറെ ചിലതും ''മറ്റേതു കല്പനയും'' എന്ന പൊതുവായ വാക്യത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് വാക്യം 9.) പൗലൊസ് സാധാരണഗതിയിൽ ഈ കല്പനകൾ ഉദ്ധരിച്ചതിൽ നിന്നും പത്തുകല്പനകൾ വീണ്ടും സ്ഥാപിക്കുവാൻ എഴുതിയതല്ല എന്നു മനസ്സിലാക്കാം.[45] പിന്നെയോ ദൈവഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഓരോരുത്തരും തിരിച്ചറിയുന്ന സാന്മാർഗ്ഗികമായ ചുമതലകളുടെ ഒരു പട്ടിക എഴുതുകയായിരുന്നു.

പൗലൊസ് പറഞ്ഞത് അങ്ങനെയുള്ള എല്ലാ കല്പനകളും ''നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്നുള്ള കല്പനയിൽ അടങ്ങിയിരിക്കുന്നു എന്നാണ്'' (13:9ല). യേശുവിനോട് ''ഗുരോ ന്യായപ്രമാണത്തിൽ ഏറ്റവും വലിയ കല്പന ഏത്?'' എന്നു ചോദിച്ചതിന് (മത്തായി 22:36) അവൻ പറഞ്ഞത്,

> ''നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയ ത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം.'' ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത്ത് അതിനോടു സമം. ''കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം'' (മത്താ. 22:37-39; ആവ. 6:5; ലേവ്യ. 19:18 കാണുക).

ഈ ഭാഗത്ത് പൗലൊസ് തന്റെ ചിന്ത നമുക്കു തമ്മിൽ തമ്മിൽ ഉണ്ടാകേണ്ട ബന്ധത്തെക്കുറിച്ചായിരുന്നതുകൊണ്ട് യേശു രണ്ടാമത്തെതായി പറഞ്ഞിരുന്ന പ്രധാന കല്പനയെക്കുറിച്ച് ''നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം'' എന്നു പറഞ്ഞു. അയൽക്കാരൻ (πλησίον, *plēsion* എന്നു തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്ന ഗ്രീക്കുപദം ''അടുത്ത്'' എന്നർത്ഥം വരുന്ന (πέλας, *pelas)* എന്ന പദമാണ്.[46] അയല്ക്കാരൻ എന്നതിന്റെ അക്ഷരികമായ തർജ്ജമ ''അടുത്തുള്ള ആൾ'' എന്നാണ്.[47] നല്ല ശമര്യാക്കാരന്റെ ഉപമയിൽ യേശു വിശദമാക്കിയത് അയല്ക്കാരൻ അടുത്തു വസിക്കുന്നവൻ മാത്രമല്ല ഒരു യഥാർത്ഥ ആവശ്യത്തിലിരിക്കുന്ന, നാം ജീവിതത്തിൽ കണ്ടു

മുട്ടുന്ന ആരും ആകാം എന്നാണ് (ലൂക്കൊ. 10:25-37 കാണുക).

"നിന്നെപ്പോലെ" എന്ന് പറഞ്ഞതിന്റെ അർത്ഥം നീ നിന്നെ സ്നേഹിക്കണമെന്ന് യേശു പറഞ്ഞെന്നല്ല. ഈ കല്പനയനുസരിച്ച് "സാധാ രണ എല്ലാവരും തങ്ങളെത്തന്നെ സ്നേഹിക്കുന്നു എന്ന കാര്യം അംഗീ കരിക്കുകയാണ്. മിക്കവരും തങ്ങളുടെ അടിസ്ഥാനപരമായ ആവശ്യ ങ്ങൾ നടത്തുവാൻ തക്കവണ്ണം തങ്ങളെ സ്നേഹിക്കുന്നു (ἀγαπάω, *agapaō*). ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ ആവശ്യങ്ങൾ നട ത്തുന്നു (എഫെ. 5:29). അതുപോലെതന്നെ മറ്റുള്ളവരുടെയും അതുപോലെയുള്ള ആവശ്യങ്ങൾ നടക്കുന്നു എന്ന് ഉറപ്പാക്കുവാൻ തക്കവണ്ണം അവരെക്കുറിച്ച് കരുതലും സ്നേഹവും ഉണ്ടാകണം. അവരുടെയും ശാരീരികവും വികാരപരവും ആത്മീയവുമായ ആവശ്യങ്ങളെക്കുറിച്ച് കരുതലുണ്ടാ യിരിക്കേണം.

**വാക്യം 10.** മറ്റുള്ളവരെ സ്നേഹിക്കുന്നതിനെക്കുറിച്ചുള്ള ചർച്ച പുരോഗമിയ്ക്കുമ്പോൾ സ്നേഹം കൂട്ടുകാരന് നന്മ ചെയ്യുന്നു എന്നു പറയുമെന്ന് പ്രതീക്ഷിച്ചേക്കാം. അതിനു പകരം പൗലൊസ് പറഞ്ഞത് "**സ്നേഹം കൂട്ടുകാരന് ദോഷം പ്രവർത്തിക്കുന്നില്ല**"[48] എന്നാണ്. എന്തു കൊണ്ടാണ് പൗലൊസ് നിഷേധാത്മകമായി പറഞ്ഞത്? ഒരു പക്ഷേ താൻ ഉദ്ധരിച്ച നാലു കല്പനകളും നിഷേധരൂപത്തിലായിരുന്നതു കൊണ്ടാകാം. "വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത്, കള്ളസാക്ഷ്യം പറയരുത്." (ള്ളാുവമശെ മററലറ) നാം സ്നേഹിക്കേണ്ടതുപോലെ സ്നേഹിക്കുകയാണെങ്കിൽ ഈ കല്പനകളെല്ലാം നാം പാലിക്കും. കൂടാതെ സഹജീവികളായവർക്കായി അതിലധികവും ചെയ്യും. ആ കാരണത്താൽ പൗലൊസ് പറയുന്നു, "**സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിതന്നെ.**"

10-ാം വാക്യത്തിൽ പൗലൊസ് പറയാത്തതിനെക്കുറിച്ച് നമുക്ക് വ്യക്തമാക്കാം. സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി ആയതു കൊണ്ട് ദൈവ കല്പന നമുക്ക് ആവശ്യമില്ലെന്നല്ല. കുറെക്കാലം മുൻപ് ഒരു കൂട്ടം ആളുകൾക്ക് ഇങ്ങനെയൊരു മുദ്രാവാക്യം ഉണ്ടായിരുന്നു: "സ്നേഹം ആണ് ഏക പ്രമാണം" എന്ന് അതിന്റെ വക്താക്കൾ പറഞ്ഞത് വേദപുസ്തകസംബന്ധമായ എല്ലാ ഉപദേശങ്ങളിൽ നിന്നും സന്മാർഗ്ഗോപദേശങ്ങളിൽ നിന്നും അവർ സ്വതന്ത്രരാണ്. പൗലോസിന്റെ ഉദ്ദേശം എല്ലാ ദൈവീക നിയമങ്ങളെയും തള്ളിക്കളയുക എന്നതായിരുന്നില്ല. ആയിരുന്നെങ്കിൽ 12-16 വരെയുള്ള അദ്ധ്യായങ്ങളിൽ പറഞ്ഞതെല്ലാം ഇല്ലാതെയാകുമായിരുന്നു:

> ഒരു വസ്തുനിഷ്ടമായ സാന്മാർഗ്ഗിക നിലവാരം കൂടാതെ സ്നേഹത്തിന് തനിയെ നില്പാൻ കഴിയുകയില്ല. അതുകൊണ്ടാണ് സനേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിതന്നെ എന്നെഴുതിയത്. സ്നേഹത്തിനും നിയമത്തിനും ഒന്നിന് മറ്റേതിനെ ആവശ്യമാണ്. സ്നേഹത്തിന്റെ ഗതിയ്ക്ക് നിയമം ആവശ്യമാണ്. നിയമത്തിന് അതിന്റെ നിയോഗത്തിന് സ്നേഹം ആവശ്യമാണ്.[49]

പുതിയ നിയമത്തിൽ കാണുന്നതുപോലെയുള്ള ദൈവിക നിയമങ്ങൾ ആവശ്യമില്ലെന്നാണോ പൗലൊസ് പറയുന്നത്? അല്ലെങ്കിൽ പിന്നെ എന്താണ് പറയുന്നത്? നേരത്തെ പറഞ്ഞു കഴിഞ്ഞതുപോലെ സ്നേഹമാണ് 9-ാം വാക്യത്തിൽ പറയപ്പെട്ട കല്പനകൾ അനുസരിക്കുവാൻ ഉള്ള പ്രേരകശക്തി

നമുക്കു തരുന്നത്. തന്റെ ഭാര്യയെ സ്നേഹിക്കുന്ന മനുഷ്യൻ അവളോട് വിശ്വസ്തനായിരിക്കും. ഒരു വ്യക്തി തന്റെ സഹോദരനെ സ്നേഹിക്കുന്നുവെങ്കിൽ അവന് ഒരു ദോഷവും ചെയ്യുകയില്ല. നിശ്ചമായും അവനെ കൊല്ലുകയില്ല. മറ്റുള്ളവരെ സ്നേഹിച്ചാൽ അവരുടെ വസ്തുവക മോഷ്ടിക്കുകയില്ല. മറ്റുള്ളവർക്കു നല്ലതു സംഭവിക്കുമ്പോൾ അതിൽ സന്തോഷിക്കും. അവർക്കുള്ളതിനെ മോഹിക്കുകയുമില്ല.

ദൈവം മനുഷ്യർക്ക് പ്രമാണം നൽകിയത് ഒരു സ്നേഹമുള്ള വ്യക്തി ദൈവത്തോടും മനുഷ്യരോടും എങ്ങനെ പെരുമാറണമെന്നു കാണിക്കുന്നതിനാണ്. അതുകൊണ്ട് ഒരു മനുഷ്യൻ സ്നേഹിക്കുവാൻ പഠിക്കുമ്പോൾ ദൈവിക നിയമങ്ങളുടെ പ്രധാന ഉദ്ദേശം നിവൃത്തിക്കുകയാണ്.

## ഒരു സംഗ്രഹം (13:11-14)

**11 ഇതു ചെയ്യേണ്ടത് ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു. എന്നിങ്ങനെ നിങ്ങൾ സമയത്തെ അറിയുകയാൽ തന്നെ. നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. 12 രാത്രി കഴിവാറായി, പകൽ അടുത്തിരിക്കുന്നു. അതുകൊണ് നാം ഇരുട്ടിന്റെ പ്രവർത്തികളെ വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ സർവായുധവർഗ്ഗം ധരിച്ചുകൊൾക. 13 പകൽ സമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക. വെറിക്കുത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയന മോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല. 14 കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്.**

നാം ക്രിസ്തീയ ജീവിതത്തിന്റെ പ്രായോഗിക വശത്തിന്റെ അന്ത്യത്തിലേക്ക് വന്നിരിക്കുന്നു, 12:1-ൽ തുടങ്ങിയിരുന്നു. അതിൽ (13:11–14) പൗലൊസ് അവരെ പ്രേരിപ്പിക്കുന്നത് ഉണർന്നെഴുന്നേറ്റ് പകലിനുള്ളവരായി ജീവിക്കുവാനാണ്, രാത്രിയുടെ ഇരുട്ടിൽ ജീവിക്കുവാനല്ല. അവർ തങ്ങളുടെ വിശ്വാസം പ്രായോഗികതലത്തിൽ കൊണ്ടുവന്ന് കർത്താവിന്റെ വരവിനായി കാത്തുകൊണ്ടിരിയ്ക്കണം.

**വാക്യം 11.** ഇവിടെ പൗലൊസ് ഒരു മാതാവോ പിതാവോ തന്റെ കുട്ടിയെ ഉറക്കത്തിൽ നിന്നും ഉണർത്തി പകൽകാലം ജീവിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുന്ന സാദൃശം ഉപയോഗിച്ചിരിക്കുന്നു. ഈ ഭാഗം ഈ വാക്കുകളിൽ തുടങ്ങുന്നു: **"ഇതു ചെയ്യേണത് ഉറക്കത്തിൽ നിന്നുണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ."**

"ഇതു ചെയ്യേണ്ടത്" എന്നുള്ളത് മുമ്പോട്ടും പുറകോട്ടും വിരൽ ചൂണ്ടുന്നു. ഇത് 13:8–10 വരെ പറഞ്ഞതിനെ സൂചിപ്പിച്ച് ആകാം. അല്ലെങ്കിൽ 12:1 മുതൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ചാകാം. അഥവാ ദൈവ ഭക്തിയോടെ ജീവിതം നയിക്കുന്നതിനെക്കുറിച്ച് പറയാൻ പോകുന്നതിനെക്കുറിച്ചും ആകാം (13:11–14).

വ്യാഖ്യാതാക്കൾ ഒരു പ്രത്യേക "സമയവും നാഴികയും" കാണിക്കുവാൻ ശ്രമിക്കുന്നു. A.D. 64-ൽ തുടങ്ങിയ നീറോയുടെ ക്രിസ്തീയ പീഢന സമയം മുതൽ ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട്. A.D. 70 ലുണ്ടായ യെരുശലേമിന്റെ നാശം വരെയും. വാചകങ്ങൾ മങ്ങിയതും തെളിവു കുറഞ്ഞതും ആയതിനാൽ

പൗലൊാസിന്റെ കാലത്തും ഇന്നും അത് ചോരുന്നതായി കാണുന്നു. ആത്മീക മായ നിദ്രയിൽ നിന്നും ഉണരുവാൻ നേരത്തെ സാധിയ്ക്കയില്ല. താമസിച്ചു ണരുന്നതിന് ധൈര്യവുമില്ല. "ഉണരുവാനുള്ള സമയം" *ഇപ്പോൾ* ആണ്. ഒരു പിതാവ് ഉറങ്ങുന്ന മകനെ കിടക്ക കുലുക്കി ഉണർത്തുന്നു. വലിയ ശബ്ദത്തിൽ "ഉണരുവാൻ സമയമായി" എന്ന് പറഞ്ഞ് വിളിക്കുന്നു. അത് ഊഹിക്കാം!

പൗലൊസ് തുടരുന്നു, "**നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ നമുക്ക് അടുത്തിരിക്കുന്നു.**" രക്ഷ എന്നത് നമ്മുടെ കർത്താവ് തിരിച്ചുവരുമ്പോൾ നമ്മെ കൂട്ടിക്കൊണ്ട് സ്വർഗ്ഗത്തിൽ പോകുന്നതിനെ സൂചിപ്പിക്കുകയാണ് (1 പത്രൊസ് 1:5). കർത്താവ് തിരിച്ചു വരുമ്പോൾ നമുക്ക് ഈ രക്ഷ ലഭിക്കുന്ന തുകൊണ്ട് (എബ്രാ. 9:28) നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ നമുക്ക് അടു ത്തിരിക്കുന്നു. വിശ്വസിച്ച സമയം എന്നത് നാം ക്രിസ്ത്യാനികളായ സമയത്തെ സൂചിപ്പിക്കുന്നു. നാം തുടർന്നും വിശ്വസിക്കുന്നതുകൊണ്ട് ചില തർജ്ജമകൾ *ആദ്യം* എന്ന് ഉപയോഗിക്കുന്നു (NIV, RSV; emphasis added). പൗലൊസ് അവർ വിശ്വസിച്ച സമയത്തെ ഓർമ്മിപ്പിച്ച് അവരുടെ പ്രത്യാശയെക്കുറിച്ചു പറയുന്നു. ബെൽ അതിനെ പൗലാസിന്റെ "തള്ളലും വലിക്കലും" എന്നു വിളിക്കുന്നു.[50] അതിൽ അടങ്ങിയിരിക്കുന്നത് തന്റെ വായനക്കാർ കർത്താവ് എപ്പോൾ വേണ മെങ്കിലും വരാമെന്നും അവർ ഉണർന്നിരിക്കണമെന്നും ഓർമ്മിപ്പിക്കുകയാണ്. അവർ ആത്മീകമായി ഉറങ്ങിപ്പോയാൽ ക്രിസ്തുവിന്റെ വരവിൽ ഒരുക്കമുള്ള വരായിരിപ്പാൻ കഴിയാതെ പോകും.

കർത്താവ് എപ്പോൾ വീണ്ടും വരും? യേശു പറഞ്ഞു. ആ നാളും നാഴി കയും സംബന്ധിച്ച് സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രൻ പോലും അറിയുന്നില്ല. പിതാവു മാത്രം അറിയുന്നു എന്ന് (മർക്കൊ. 13:32) പൗലൊസ് കൃത്യമായ സമയം അറിഞ്ഞില്ല. എന്നാൽ അവൻ ഇതറിഞ്ഞിരുന്നു. തന്റെ വായനക്കാർ രക്ഷിയ്ക്കപ്പെട്ട സമയത്തേക്കാൾ അവന്റെ രണ്ടാമത്തെ വരവ് അടുത്തിരിക്കു ന്നു.[51] അത് അപ്പൊസ്തലന്റെ കാലത്ത് സത്യമായിരുന്നെങ്കിൽ നമ്മുടെ ഈ കാലത്ത് എത്രയോ അടുത്താണ്! യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അപ്പൊസ്തലൻ റോമാ ലേഖനം എഴുതിയ സമയത്തേക്കാൾ 2000 വർഷം അടുത്താണ്!

കർത്താവിന്റെ വരവ് നാം ആദ്യം വിശ്വസിച്ച സമയത്തേക്കാൾ അടുക്ക ലായതിനാൽ പൗലൊസ് ക്രിസ്ത്യാനികളോട് ചെയ്യണമെന്ന് കല്പിച്ച കാര്യ ങ്ങൾ നാം ചെയ്യണം. നാം പൗലൊസ് നേരത്തെ പറഞ്ഞ പാഠങ്ങളെ പഠിച്ച് ചെയ്യണം. അതായത്. 12:1–13:14 വരെയുള്ള എല്ലാ കാര്യങ്ങളും.

കർത്താവ് തിരികെ വരുമെന്നുള്ളകാര്യം ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനി കളുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരുന്നു. അവർ "കർത്താവേ വരേണമേ" എന്ന് അർത്ഥമുള്ള "മാറാനാഥാ" (1 കൊരി. 16:22) എന്ന് വിളിച്ചപേക്ഷിച്ചു. അവർ വളരെ എരിവോടെ "കർത്താവേ വരേണമേ" എന്നു പ്രാർത്ഥിക്കു മായിരുന്നു (വെളി. 22:20). അവർ ഏതു ജോലി ചെയ്തുകൊണ്ടിരുന്നാലും ഇടയ്ക്കിടയ്ക്ക് ആകാശത്തേക്കു നോക്കുമായിരുന്നു. ഏതായാലും താൻ മഹാശക്തിയോടുകൂടെ ആകാശമേഘങ്ങളിൽ മഹത്വത്തോടെ വരുമെന്ന് വാക്കു പറഞ്ഞിരുന്നു (മർക്കൊ. 13:26; മത്താ. 24:30; 26:64; മർക്കൊ. 14:62; 1 തെസ്സ. 4:17; വെളി. 1:7 കാണുക). ആദിമ ക്രിസ്ത്യാനികൾക്ക് കർത്താവു രണ്ടാമതു വരുമെന്നുള്ളതിന്റെ ഉറപ്പ് ഒരു ശക്തമായ പ്രേരകശക്തിയായിരുന്നു. അതു നമുക്കും ഒരു ശക്തമായ പ്രേരിപ്പിക്കുന്ന ശക്തിയായി നാം എങ്ങനെ

ആകണമോ അങ്ങനെ ആകുവാനും എന്തൊക്കെ ചെയ്യണമോ അതൊക്കെ ചെയ്യുവാനും ഉത്സാഹിപ്പിക്കപ്പെടണം.

**വാക്യം 12.** ഉണരുന്നതിനുള്ള വിളി പൗലൊസ് തുടരുകയാണ്: **രാത്രി കഴിവാറായി; പകൽ അടുത്തിരിക്കുന്നു.** രാത്രിയെയും പകലിനെയും തിരിച്ചറിയുവാൻ വ്യാഖ്യാതാക്കൾ വളരെ പരിശ്രമിയ്ക്കുന്നുണ്ട്.[52] പൗലൊസ് തന്റെ സാദൃശപ്പെടുത്തൽ തുടരുകയാണ്. ആ പ്രയോഗത്തിന്റെ അർത്ഥം ഉണർന്നെഴുന്നേറ്റു പ്രവർത്തിയ്ക്കുവാൻ സമയമായി എന്നതാണ്. പിതാവ് മകന്റെ കിടക്ക അനക്കിക്കൊണ്ട് ''എഴുന്നേൽക്കാൻ സമയമായി'' എന്ന് പറഞ്ഞ് വിളിച്ചുണർത്തുന്നു. മകൻ പുതപ്പു വീണ്ടും വലിച്ചിട്ട് ഒരഞ്ചുമിനിറ്റുകൂടെ ഉറങ്ങിക്കോട്ടെ എന്നു പിറുപിറുക്കുന്നു. പിതാവു വീണ്ടും മറുപടി പറയുന്നു. ഒരു സെക്കൻഡുപോലും പാടില്ല. *ഉടൻ* തന്നെ എഴുന്നേൽക്കു എന്നു പറയുന്ന രംഗം മനസിൽ കാണുക. ഇതാണ് പൗലൊസ് പറയുന്നതിന്റെ അർത്ഥം.

നാം ഉണർന്നുകഴിഞ്ഞാൽ ഉടനെ എന്താണ് ചെയ്യുന്നത്. നാം നമ്മുടെ വേഷം ധരിക്കണമെന്ന് പറയുന്നു: **അതുകൊണ് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക.** പൗലൊസ് മാറ്റിക്കളയുക, ധരിയ്ക്കുക എന്ന അലങ്കാര വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു (കാണുക എഫെ. 4:22-24; കൊലൊ. 3:8-14). 12-ാം വാക്യത്തിൽ ഫലത്തിൽ നാം നമ്മുടെ ഉറക്കത്തിന്റെ വേഷവിധാനം മാറ്റി പകൽ പ്രവർത്തനത്തിനുള്ള വേഷം ധരിയ്ക്കാനായി ആഹ്വാനം ചെയ്യുകയാണ്.

''ഇരുട്ടിന്റെ പ്രവൃത്തികൾ'' എന്ന വാക്യാംശം പാപ പ്രവൃത്തികളെ സൂചിപ്പിക്കുന്നു. ''അവയെ അന്ധകാരത്തിന്റെ പ്രവൃത്തികൾ'' എന്നു പറയുന്നു. കാരണം അവ രാത്രിയിൽ ഇരുട്ടിന്റെ മറവിൽ ചെയ്യപ്പെടുന്നവയാണ് (യോഹ. 3:19; 1 തെസ്സ. 5:7 കാണുക). പൗലൊസ് *ക്രിസ്ത്യാനികളോടാണ്* സംസാരിയ്ക്കുന്നതെന്നുള്ളത് മറക്കരുത്. ക്രിസ്ത്യാനികൾ അധർമ്മികളാണോ? അതെ, അവർ അങ്ങനെ ആകയാൽ അവരെ വെല്ലുവിളിച്ചെങ്കിലേ പറ്റൂ. ആ ഭക്തികേടിനെ നിന്റെ ജീവിതത്തിൽ നിന്നും മാറ്റുക. ഫിലിപ്സ് തർജ്ജമയിൽ മനുഷ്യർ ഇരുട്ടിന്റെ മറവിൽ ചെയ്യുന്ന പ്രവൃത്തികളെ ''എറിഞ്ഞു കളയുക'' എന്നാണ്.

രാത്രിയിലെ വേഷം മാറ്റിയാൽ മാത്രം പോരാ. നാം പകലിന്റെ വേഷം ധരിക്കുകയും വേണം. വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിയ്ക്കുവാൻ ആവശ്യപ്പെടുന്നു. ആയുധവർഗ്ഗം (ὅπλον, *hoplon*) സൂചിപ്പിക്കുന്നത് ''യുദ്ധത്തിന്റെ ആയുധങ്ങളെ'' യാണ്.[53] ഇതാണ് വേറൊരു ഭാഗത്ത് നീതിയുടെ ആയുധങ്ങൾ (കാണുക 6:13) വിശ്രമിച്ചിരിയ്ക്കുന്നതിനുള്ള വേഷവിധാനമല്ല. പിന്നെയോ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാനുള്ള ആയുധങ്ങളാണ് (1 തിമൊ. 6:12).

**വാക്യം 13.** നാം ഉണർന്നു വേഷം ധരിച്ചാൽ പിന്നീട് എന്താണ് ചെയ്യേണ്ടത്? നാം നമ്മുടെ സൃഷ്ടിതാവും രക്ഷകനുമായ കർത്താവിനെ മഹത്വപ്പെടുത്തുന്ന പ്രവൃത്തികൾ ചെയ്യണം. **പകൽ സമയത്ത് എന്നപോലെ മര്യാദയായി നടക്കണം.** പകൽ എന്നത് കാണിയ്ക്കുന്നത്, നമ്മുടെ ജീവിതം തുറന്നതായി കാണപ്പെടണം എന്നർത്ഥം. ആർ പരിശോധിച്ചാലും തെറ്റു കാണാതിരിക്കത്തക്കവണ്ണം ലജ്ജിക്കുവാൻ ഇടമില്ലാതെയുള്ള ജീവിതമായിരിക്കണം.

ശരിയായ പെരുമാറ്റത്തെ കാണിക്കുവാൻ പൗലൊസ് ആറ് ഉദാഹരണങ്ങൾ ഇരുട്ടിന്റെ പ്രവർത്തി മേഖലയായി കാണിച്ചിരിക്കുന്നു. അവ, ''നാം

ഒഴിവാക്കേണ്ടവയാണ്'' **വെറിക്കൂത്ത്, മദ്യപാനം, ശയനമോഹങ്ങൾ, ദുഷ്കാമങ്ങൾ, പിണക്കം, അസൂയ** ഇവ മാത്രമല്ല ഇരുട്ടിന്റെ പ്രവർത്തികളുടെ പട്ടികയിലുള്ളത്. ഇത് ഒരു പ്രാതിനിധ്യ പട്ടികയാണെന്നു പറയാം. ഇതിനോട് ചേർത്ത് ഇതുപോലെയുള്ള മറ്റു പ്രവർത്തികളും എന്ന് ചേർക്കാം. ഗലാത്യർ 5:19-21-ൽ (KJV) പൗലൊസ് എഴുതിയതുപോലെ ഇവിടെ പറഞ്ഞ 6 വിഷയങ്ങൾ മൂന്നു ജോഡികളായി തിരിയ്ക്കാം.

ഒന്നാമത്തേത്, വെറിക്കൂത്ത്, മദ്യപാനം എന്നത്. ഇത് κῶμος (*kōmos*) 13-ാം വാക്യത്തിൽ കാണുന്നു. അമിത ഭക്ഷണവും അനിയന്ത്രിതമായി ആഹ്ലാദിച്ചു വിഹരിയ്ക്കുന്ന സ്ഥിതി.[54] NIVയിൽ "രാത്രിയിലെ മദ്യക്കൂത്ത്" ഒരു മനുഷ്യനെ അധമനാക്കി മറ്റുള്ളവർക്ക് ഉപദ്രവിയായിക്കാണിക്കുന്ന പാപമാണ്.[55] ഇതിനെ മദ്യപാനത്തോടു ചേർത്തു പറഞ്ഞിരിക്കുന്നു. പലപ്പോഴും ഇത് മദ്യപാനത്തിന്റെ ഫലമായിട്ടുണ്ടാകുന്നതാണ്[56] (മത്തരാകുക - [μέθη, *methē*, "intoxication"]).

അടുത്തത് വിവേകശൂന്യമായ ലൈംഗിക ബന്ധത്തെക്കുറിച്ചാണ്- ഇന്ദ്രിയങ്ങളുടെ തൃപ്തിക്കു വേണ്ടി മാത്രമുള്ള പ്രവർത്തിയാണ്. (πορνεία, *porneia*) എന്ന വാക്കു തർജ്ജമ ചെയ്തിരിക്കുന്നത് ലൈംഗിക പാപത്തെക്കുറിച്ചുള്ള വാക്കിൽ നിന്നല്ല, കിടക്ക എന്നതിന്റെ ബഹുവചനത്തിൽ നിന്നാണ്. അത് ലൈംഗിക ബന്ധത്തെ അർത്ഥമാക്കി ഉപയോഗിച്ചിട്ടുള്ളതാണ്.[57] അവർ ഒരുമിച്ചു കിടക്കുവാൻ പോയി എന്നതിനു പകരം ഉപയോഗിച്ചിരിക്കുന്നു. കിടക്ക എന്നതിന്റെ ബഹുവചനം ഉപയോഗിച്ചിരിക്കുന്നത് വിവേകശൂന്യമായ ലൈംഗിക ബന്ധത്തെക്കുറിച്ചാണ്.

അടുത്തത് ലൈംഗിക പാപങ്ങൾ, ശയനമോഹം + ദുഷ്ക്കാമം. ഇത് നാണം കെട്ട സ്വഭാവവും പെരുമാറ്റവുമാണ്. നിയമവിരുദ്ധമായ ലൈംഗിക പ്രവർത്തികൾ ആണ്. ചുരുക്കത്തിൽ നാണംകെട്ട പ്രവർത്തികൾ.[58] ബാർക്ലേ ഇങ്ങനെ എഴുതി Aslgeia എന്നത് ഗ്രീക്കു ഭാഷയിലെ വൃത്തികെട്ട വാക്കുകളിലൊന്നാണ്. അത് ദുർമ്മാർഗ്ഗത്തെ മാത്രമല്ല നാണക്കേടിന് അടിപ്പെട്ട ഒരു മനുഷ്യനെക്കുറിച്ചാണ് വിവരിക്കുന്നത്.[59] ജോൺ മക്കാർതർ ഇങ്ങനെ പറഞ്ഞു. ലൈംഗിക വൃത്തിയിൽ അധഃപതിച്ച അവസ്ഥയിലാണ്. ഇന്നത്തെ സമൂഹത്തെ ബാധിച്ചിരിക്കുന്ന പാപ സമൂഹത്തിന്റെ സ്വഭാവം തന്നെ ഈ രീതിയിലാണ്.[60]

ആദ്യത്തെ രണ്ടു ജോഡി പാപങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ നിങ്ങൾക്ക് പാപബോധം വരുത്തിയില്ലെങ്കിൽ മൂന്നാമത്തെ ജോഡി നിങ്ങൾക്കു പാപബോധം വരുത്തിയേക്കാം. "പിണക്കവും അസൂയയും" അതായത് "ശത്രുത".[61] തമ്മിൽ തമ്മിലുള്ള പിണക്കവും വിരോധവും ശത്രുതയും ആണ്. തങ്ങൾക്കും മറ്റുള്ളവർക്കും നാശമുണ്ടാക്കുന്ന പാപങ്ങൾ ആണ്.[62] അവ അസൂയയുമായി ബന്ധപ്പെട്ടിരിക്കുന്നു (ζῆλος, *zēlos*[63]). തനിക്കുള്ളതിൽ തൃപ്തിയില്ലാത്തതും ഇതരർക്കുള്ളവയോട് അസൂയയുള്ള സ്വഭാവമാണ്.[64]

ചിലയാളുകൾ ആദ്യത്തെ നാലു പാപങ്ങളെ ഗൗരവമായി കരുതുന്നു. വെറിക്കൂത്ത്, മദ്യപാനം ശയനമോഹം, ദുഷ്കാമം എന്നിവ ചീത്ത പാപങ്ങളായികരുതുന്നു. പിണക്കവും അസൂയയും അത്രയും മോശെ - മല്ലാത്തവയും എന്നു വിചാരിക്കുന്നു. ദൈവമുമ്പാകെ എല്ലാം വെറുക്ക പ്പെട്ടവ തന്നെ. പിണക്കവും അസൂയയും അല്പം പരിഷ്കരിച്ചവ.[65] എന്നാൽ അതേ പാപം നിറഞ്ഞ ചുവട്ടിൽ നിന്നുള്ളതും ആണ്. നമ്മിൽ ചിലർക്ക് ആദ്യത്തെ നാലെണ്ണം വേഗം ഒഴിവാക്കാനാകും. അവസാ നത്തെ രണ്ടെണ്ണം അത്ര വേഗം

വിട്ടു കളയുവാൻ സാധിയ്ക്കാത്തതെന്ന് ചിന്തയുണ്ട്.

**വാക്യം 14**. ഇരുട്ടിന്റെ ഈ പ്രവൃത്തികളെ എങ്ങനെ ഒഴിവാക്കാം. പൗലൊസ് രണ്ടു കല്പനകൾ കൊടുക്കുന്നു. ഒന്നു നേരിട്ടുള്ളതും മറ്റേത് നിഷേധരൂപത്തിലുള്ളതുമാണ്. ആദ്യം 12-ാം വാക്യത്തിൽ അപ്പൊസ്തലൻ വായനക്കാരോട് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക എന്നു പറയുന്നു. 14-ാം വാക്യത്തിൽ **യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ** എന്നും പറയുന്നു. NEB നിർദ്ദേശിക്കുന്നത് "യേശുക്രിസ്തു തന്നെ നിങ്ങൾ ധരിക്കുന്ന ആയുധവർഗ്ഗമായിരിക്കട്ടെ എന്നാണ്."

എങ്ങനെയാണ് യേശുക്രിസ്തുവിനെ ധരിക്കുന്നത് (ἐνδύω, *enduō*)? 6-ാം അദ്ധ്യായത്തിൽ നാം സ്നാനപ്പെടുമ്പോൾ നാം ക്രിസ്തുവിലേക്ക് ചേരുവാൻ സ്നാനപ്പെടുന്നു എന്ന് പറയുന്നു. അവനോടു ചേരുന്നു (6:3, 5). നേരത്തേ എഴുതിയ ലേഖനത്തിൽ (ഗലാ. 3:27) ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെട്ട നിങ്ങൾ അവനെ ധരിച്ചിരിക്കുന്നു എന്നു കാണുന്നു. നാം സ്നാനമേറ്റ് രക്ഷിക്കപ്പെട്ടപ്പോൾ നാം ക്രിസ്തുവിനെ ധരിക്കുകയാണ്. പക്ഷേ നാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ സ്വഭാവങ്ങളായ ദയ, നന്മ, ദീർഘക്ഷമ മുതലായവ ധരിയ്ക്കണം. അങ്ങനെ ചെയ്താൽ 13-ാം അദ്ധ്യായത്തിൽ പറഞ്ഞ പാപങ്ങളെ ഒഴിവാക്കാം.

പൗലൊസിന്റെ നിഷേധരൂപത്തിലുള്ള കല്പന തുടരുന്നു: അത് പ്രായോഗികമാണ്. "**മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്**". Provision എന്നത് πρόνοια (*pronoia*) എന്ന പദത്തിൽ നിന്നുള്ളതാണ്. അത് πρό (*pro*) എന്നതിനെയും νοέω (*noeō*) എന്നതിനെയും യോജിപ്പിക്കുന്നു. അതിന്റെ അർത്ഥം മുൻപേ ചിന്തിക്കുക എന്നു വരും. *Pronoia* എന്നത് to make എന്നതിനോട് ചേർക്കുമ്പോൾ - ഏതെങ്കിലും ഒന്നിനായി സാഹചര്യം ഒരുക്കുക എന്ന അർത്ഥം വരും.[66] 14-ാം വാക്യത്തിന്റെ അവസാനഭാഗം കെന്നത്ത് ജെ. ഫേർമാൻ ഇങ്ങനെ വിശദീകരിക്കുന്നു. പാപത്തിനായി മുമ്പേ പദ്ധതിയിടരുത്. പാപത്തെ സ്വാഗതം ചെയ്യരുത്. പാപത്തിന് ഒരു അവസരവും നൽകരുത്: നീ നിന്റെ വാതിൽ പടിയിൽ നിന്നും തന്നെ പാപത്തെ തൊഴിച്ചെറിഞ്ഞുകളയുക. എന്നാൽ അത് നിന്നിൽ പ്രവേശിക്കാതെയിരിക്കും.[67]

റോമർ 13:11-14 വരെയുള്ള വാക്യങ്ങളെ "മടിയന്മാരായ ക്രിസ്ത്യാനികൾക്കുള്ള ഉണർത്തു വിളി" യായി പറയപ്പെടുന്നു. ഈ പാഠം ലളിതമാക്കി സംഗ്രഹിയ്ക്കുന്നതിനായി അതിങ്ങനെ പറയാം. കർത്താവ് വീണ്ടും വരുന്നതുവരെ നാം അവനെപ്പോലെയായിരിപ്പാൻ ഉത്സാഹിക്കണം. നാം സ്നേഹമുള്ളവരായിരിക്കണം (13:8-10), നാം ദൈവഭക്തരായിരിക്കണം (13:11-14). കർത്താവ് എപ്പോൾ വേണമെങ്കിലും വരും എന്നുള്ളതുകൊണ്ട് അവന്റെ വരവിനായി ഞാൻ *ഒരുങ്ങിയിട്ടുണ്ടോ?* എന്നാണ്.

## പ്രായോഗികം

### ശത്രുതയുള്ള ലോകത്തിൽ നാം എങ്ങനെ ജീവിക്കണം (അദ്ധ്യായം 13)

കോയ് റോപ്പർ 13-ാം അദ്ധ്യായം മുഴുവൻ ചേർത്ത് ഒരു പ്രസംഗം തയ്യാറാക്കി. "ശത്രുവായ ലോകത്തിൽ എങ്ങനെ ജീവിക്കണം" എന്ന തലക്കെട്ടു നൽകി. തന്റെ പ്രധാന പോയിന്റുകൾ (1) "സർക്കാരുമായുള്ള ബന്ധത്തിൽ: ബഹുമാനത്തോടുകൂടി" (13:1-7); (2) "നമ്മുടെ അയല്ക്കാരോടുള്ള ബന്ധത്തിൽ:

സ്നേഹത്തോടുകൂടി'' (13:8–10); (3) ''ലോകവുമായുള്ള ബന്ധത്തിൽ: വിശു ദ്ധിയോടുകൂടി'' (13:11–14).[68]

### ഭരണാധികാരികൾക്കു കീഴടങ്ങിയിരിക്കുക (13:1-7)

മാനുഷിക ഭരണ സംവിധാനത്തെക്കുറിച്ച് ചില പ്രത്യേക കുറിപ്പുകൾ ആവശ്യമാണ്. സാത്താൻ തന്റെ ഉദ്ദേശ നിവൃത്തിക്കായി മാനുഷിക ഭരണസംവിധാനത്തെ ഉപയോഗിക്കാറുണ്ട് എന്നത് നാം മനസ്സിലാക്കണം. അങ്ങനെയായിരിക്കുമ്പോൾ തന്നെ ദൈവത്തിന് ആ സാഹചര്യത്തെ തന്റെ ഉദ്ദേശ നിവൃത്തിക്കായി ഉപയോഗിപ്പാൻ കഴിയും. പിശാച് യഹൂദ മേധാവിത്വത്തെയും റോമൻ അധികാരികളെയും യേശുവിനെ ക്രൂശിൽ തറച്ചുകൊല്ലുവാൻ ഉപയോഗിച്ചു, ക്രൂശീകരണം നിത്യമായ ദൈവികപദ്ധതിയുടെ ഒരു പ്രധാനഭാഗമായിരുന്നതിനാൽ ദൈവം അതിലൊന്നും തന്റെ നിയന്ത്രണം നഷ്ടപ്പെടുത്തിയില്ല. അതുപോലെ പൗലൊസിനെയും ശീലാസിനെയും കാരാഗൃഹത്തിലടയ്ക്കുവാനും പീഢിപ്പിക്കുവാനും റോമൻ അധികാരികളെ ഉപയോഗിച്ചു. എന്നാൽ ദൈവം ആസന്ദർഭത്തെ കാരാഗൃഹപ്രമാണിയുടെയും കുടുംബത്തിന്റെയും മാനസാന്തരത്തിനായി ഉപയോഗിച്ചു (പ്രവൃ. 16:16–34).

നിശ്ചയമായും പൗലൊസിനെ അനേക വർഷങ്ങൾ കാരാഗൃഹത്തിൽ പാർപ്പിച്ചപ്പോൾ സാത്താൻ വിചാരിച്ചു അവനെ സഭയ്ക്കു പ്രയോജനമില്ലാത്തവനാക്കാമെന്ന്. എന്നാൽ ആ അവസരങ്ങൾ ഭരണാധികാരികളോടും രാജാക്കന്മാരോടും എല്ലാം സുവിശേഷം പ്രസംഗിപ്പാൻ ഉപയോഗിക്കപ്പെട്ടു (പ്രവൃ. 24:24, 25; 25:23; 26:1–29). പിന്നീട് പൗലൊസിനെ റോമിലേക്കു കൊണ്ടുപോയി. അവിടെ ഒരു ജയിൽ പുള്ളിയായി താമസിപ്പിച്ചു. ആ കാലത്ത് പൗലൊസ് പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു. തൽഫലമായി കൈസരുടെ ഭവനത്തിലും സുവിശേഷം എത്തി (ഫിലിപ്പ്യ 4:22).

റോമർ 13:1–7 വരെയുള്ള ഭാഗത്ത് പൗലൊസിന്റെ ഉദ്ദേശം എങ്ങനെയാണ് ദൈവം സാത്താന്യ സർക്കാരുകളെ നന്മക്കായി ഉപയോഗിക്കുന്നതെന്ന കാര്യമോ അവർ പ്രവർത്തിച്ചാലും ദൈവത്തിന് തന്റെ ഉദ്ദേശങ്ങൾ നിവർത്തിപ്പാൻ സാധിക്കുമെന്നോ പറയുവാനല്ലായിരുന്നു. അപ്പൊസ്തലൻ, ദൈവമാണ് മാനുഷിക ഭരണസംവിധാനം ഉണ്ടാക്കിയതെന്നും തന്റെ ഉദ്ദേശ നിവൃത്തിക്കായി അതിനെ ഉപയോഗിക്കാമെന്നും പറയുക മാത്രമാണ് ചെയ്തത്.

ഞാൻ ജീവിക്കുന്ന രാജ്യത്ത് അവിടുത്തെ സർക്കാരിനെ ബഹുമാനിയ്ക്കുന്നത് വളരെ പ്രയാസം കുറഞ്ഞ കാര്യമാണ്. അവിടെ അധികാരികൾക്കു കീഴടങ്ങി ജീവിക്കുവാനും എളുപ്പമാണ്. ചില രാജ്യങ്ങളിൽ അതിനേക്കാൾ വളരെ പ്രയാസമായിരിക്കും. പൗലൊസിന്റെ ഉപദേശങ്ങൾ സ്വീകരിച്ചു നടപ്പാക്കുന്നത്. നിങ്ങൾ ചോദിക്കാനിടയുള്ള ചോദ്യങ്ങൾക്കു എല്ലാം ഉത്തരം തരുവാൻ എനിക്ക് സാദ്ധ്യമല്ല. എനിക്കുസാധിക്കുന്നത് പൗലൊസിന്റെ ഉപദേശങ്ങൾ കഴിയുന്നതും വ്യക്തമാക്കുകയാണ്. നിങ്ങൾ തന്നെയാണ് സന്ദർഭാ-നുസരണം അതിനെ പ്രായോഗികമാക്കേണ്ടത്. ആ ശ്രമത്തിൽ ദൈവം നിങ്ങളോടു കൂടെയിരിക്കട്ടെ.

### അധികാരത്തെ ബഹുമാനിയ്ക്കുന്നത് (13:7)

റോമർ 13:7 പഠിപ്പിക്കുന്നത് എല്ലാവരെയും അവർക്കു യോഗ്യമായ രീതിയിൽ ബഹുമാനിക്കണമെന്നാണ്. സർക്കാരിന്റെ ജോലിക്കാരെ ബഹുമാ

നിക്കുന്ന വിഷയമാണ്. ഈ സന്ദർഭത്തിൽ ഉള്ളതെങ്കിലും അധികാരസ്ഥാന ത്തുള്ള എല്ലാവരെയും ആദരിക്കണമെന്ന് അർത്ഥമാക്കാം. മാതാപിതാക്കന്മാർ, സ്ക്കൂൾ ചുമതലക്കാർ, മുതലാളിമാർ, മൂപ്പന്മാർ, ഭർത്താക്കന്മാർ മുതലായ എല്ലാവരെയും നാം ബഹുമാനിക്കേണ്ടതാണ്. എല്ലാ സമൂഹങ്ങളിലും അധി കാരികളെ ആദരിക്കാത്തവർ ഉണ്ട്. എന്നാൽ പൗലൊസ് പറയുന്നത് എല്ലാ വർക്കും നാം കടമ്പെട്ടിരിക്കുന്നതു ചെയ്യണം എന്നാണ്. ബഹുമാനമെങ്കിൽ ബഹുമാനം ഭയമെങ്കിൽ ഭയം മാനം എങ്കിൽ മാനം (13:7; NIV; emphasis added).

### സാമ്പത്തിക വിഷയത്തിൽ മുന്നറിയിപ്പ് (13:8)

''ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്'' (13:8). അതിന്റെ അർത്ഥം ഒരാൾ തന്റെ കടം ഒക്കെയും തീർത്തിരിക്കണം. ചകഢയിൽ ഒരു കടവും വീട്ടാതെ നിർത്തരുത് എന്നാണ്. ഈ വാക്യം വായിക്കുമ്പോൾ ചിലർ ഇങ്ങനെയാണ് കേൾക്കുന്നത്: ''കടം വാങ്ങുന്നതു തെറ്റല്ല; നിങ്ങൾ തിരിച്ചടയ്ക്കുന്നത് നിങ്ങ ളുടെ കടത്തിൽ നിന്നാണെങ്കിൽ'' എന്നാണ്, ചിലർ പറയുന്നത്. അവർ ചിന്തി ക്കുന്നത് എത്രയധികം കടം ഉണ്ടെങ്കിലും തെറ്റില്ല. ഏതെങ്കിലും വിധത്തിൽ അവർക്കു തിരിച്ചുനൽകുവാൻ സാധിയ്ക്കുമെങ്കിൽ എന്നാണ്.[69] അതിന്റെ ഫലമായി അവരുടെ സർവ്വശക്തിയും സമയവും കടം തീർക്കുവാൻ ഉപയോ ഗിക്കേണ്ടിവരുന്നു. ദൈവത്തിനുവേണ്ടിയോ, കുടുംബത്തിനു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ ഒന്നും ചെയ്യുവാൻ സമയം ലഭിക്കുന്നുമില്ല. സാമ്പത്തികമായി ഇത്തരം പ്രശ്നങ്ങൾ ഉളവാക്കുന്നു. 8-ാം വാക്യത്തിൽ പറഞ്ഞിട്ടുള്ളതുൾപ്പെടെ സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടമ്പെട്ടി രിക്കരുത്. ഒടഎ പറയുന്നു, കടം ഉണ്ടാക്കരുത് തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ. ''കർത്താവായ യേശുക്രിസ്തുവിനെതന്നെ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്.''

### ''ജഡത്തിന് അവസരം ഒരുക്കരുത്'' (13:14)

ജഡത്തിനായി ചിന്തിക്കുക എന്നാൽ എന്താണ്? (13:14). ഏതെങ്കിലും ഒരു കാര്യത്തിനായി ഒരുങ്ങുന്നത് ഓർത്തു നോക്കുക. ഒരു യാത്രയ്ക്കുള്ള ഒരുക്കമാകാം. അല്ലെങ്കിൽ സമീപിച്ചുകൊണ്ടിരിക്കുന്ന ശീതകാലത്തിനായി ഒരുങ്ങുന്നത് ഓർത്തുനോക്കുക. അല്ലെങ്കിൽ ഭാവിയ്ക്കുവേണ്ടി ഒരുങ്ങുന്നത്. ഈ ഓരോന്നിനും എങ്ങനെയാണ്. ഒരുങ്ങുന്നത്? ഞാനൊരു ഉദാഹരണം പറയാം. നിങ്ങൾ കാട്ടിൽ കൂടെ സഞ്ചരിയ്ക്കുന്ന സമയം ഒരു തീ ഉണ്ടാക്കു വാൻ ശ്രമിക്കുന്നു. അതിനുവേണ്ടി എങ്ങനെയാണ് സംരംഭം ഒരുക്കുന്നത്. ഒന്നാമത് ഒരു കെട്ടു വിറകും തീ കത്തുന്ന കുറച്ചു വസ്തുക്കളും വേണ്ടിവരും. നിങ്ങൾ അത് കൂട്ടി വെക്കുന്നു. പിന്നീട് തീ അവശ്യമാണ്. പക്ഷേ നിങ്ങളുടെ പോക്കറ്റിൽ തീപ്പെട്ടി ഉണ്ടായിരിക്കും. തടിക്കഷ്ണങ്ങളും തീയും ഉപയോ ഗിക്കുമ്പോൾ നിങ്ങൾ തീയ്ക്ക് വേണ്ടി ഒരുങ്ങി. എന്നാൽ വിറകും തീയും ഒഴിവാക്കിയാൽ തീയില്ല. ഫലത്തിൽ പൗലൊസ് പറയുകയാണ്, ''നിങ്ങളുടെ മോഹം കത്തിയ്ക്കാതിരിക്കുവാൻ വിറകുകൂട്ടുന്നതും തീ കത്തിയ്ക്കുന്നതും ഒഴിവാക്കുക. പാപം സംഭവിപ്പാനുള്ള ഒരുക്കങ്ങൾ ഉണ്ടാക്കാതിരിക്കുക!''

മാനസാന്തരപ്പെട്ട ഒരു മദ്യപാനി മദ്യം വീട്ടിൽ സൂക്ഷിയ്ക്കുകയും പഴയ മദ്യപന്മാരുമായി സഖിത്വം തുടരുകയും ചെയ്താൽ അവൻ മത്തനാകുവാൻ ഒരുങ്ങുകയാണ്. ശനിയാഴ്ച്ച രാത്രിയിൽ താമസിച്ച് കിടന്നുറങ്ങി പിറ്റെ ദിവ

സത്തെ ആരാധനയ്ക്കായി വിശ്രമിച്ചൊരുങ്ങാത്തത് ഞായറാഴ്ച്ചത്തെ ആരാധനയുടെ പ്രയോജനം നഷ്ടപ്പെടുത്തുവാൻ ഒരുങ്ങുകയാണ്.

നിന്നോടുതന്നെ ചോദിക്കുക. എന്റെ ബലഹീനതകൾ എന്തെല്ലാമാണ്? നീ അതറിയണം. എന്തെന്നാൽ സാത്താന് അതറിയാം. പിന്നീട് ചോദിക്കുക. ഏത് ആളുകൾ, ഏതു സ്ഥലങ്ങൾ, ഏതു പ്രവർത്തികൾ പരീക്ഷയ്ക്കു കീഴ്പെടുവാൻ എന്നെ സഹായിക്കുന്നു? ആ ചോദ്യത്തിന് ഉത്തരം കണ്ടുപിടിച്ചാൽ ആ സ്ഥലത്തുനിന്നും ആളുകളിൽ നിന്നും പ്രവർത്തികളിൽ നിന്നും ഒഴിഞ്ഞു പോകുവാൻ തീരുമാനിയ്ക്കുക. അതിനെതിരായി ചെയ്താൽ ... ജഡത്തിനായി ചിന്തിക്കുകയാണ്.

സഭാചരിത്രത്തിലെ ഏറ്റവും നന്നായി അറിയപ്പെടുന്ന പേരുകളിലൊന്നാണ് അഗസ്റ്റിൻ എന്ന പേര്. പാപം ഏറ്റുപറച്ചിലിനെക്കുറിച്ചു എഴുതുമ്പോൾ അദ്ദേഹം തന്റെ *മാനസാന്തര*ത്തെക്കുറിച്ച് ഇങ്ങനെ എഴുതി; ഇറ്റലിയിലെ മിലാനിൽ വച്ച് ക്രിസ്താബ്ദം 386ൽ ഒരു ബഹുമാന്യനായ പ്രഭാഷണ വിദ്യയുടെ പ്രഫസർ എന്ന നിലയിൽ ഒരു ക്രിസ്ത്യാനി ആകുവാൻ മിക്കവാറും സ്വാധീനിയ്ക്കപ്പെട്ടു. എന്നാൽ തന്റെ പഴയ പാപജീവിതത്തെ വെടിയുവാൻ കഴിവുണ്ടായിരുന്നില്ല. ഒരു ദിവസം അഗസ്റ്റിൻ ഒരു സ്നേഹിതന്റെ പൂന്തോട്ടത്തിൽ ഇരിയ്ക്കുമ്പോൾ കളിച്ചുകൊണ്ടിരുന്ന ഒരു ചെറിയ കുട്ടി ഇങ്ങനെ പറയുന്നതു കേട്ടു. ''അതെടുത്തു വായിക്കുക അതെടുത്തു വായിക്കുക'' അടുത്തുണ്ടായിരുന്ന ഒരു ബെഞ്ചിൽ പൗലൊസിന്റെ ലേഖനങ്ങളുടെ ഒരു കോപ്പി ഉണ്ടായിരുന്നു. അഗസ്റ്റിൻ അതെടുത്ത് നോക്കി. താൻ ആദ്യം കണ്ട വാക്കുകൾ ഇവയായിരുന്നു. ''വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല പിണക്കത്തിലും അസൂയയിലുമല്ല കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവീൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്'' (13:13, 14)[70] താൻ ഇങ്ങനെ എഴുതി. ''കൂടുതൽ വായിപ്പാൻ എനിക്ക് ആഗ്രഹമില്ലായിരുന്നു''. അതിന്റെ ആവശ്യവുമില്ലായിരുന്നു. നിമിഷങ്ങൾക്കുള്ളിൽ വാക്യത്തിന്റെ അന്ത്യത്തിലേക്കു ഞാൻ എത്തി. വിശ്വാസത്തിന്റെയും ഉറപ്പിന്റെയും പ്രകാശം എന്നിൽ നിറഞ്ഞു. സംശയത്തിന്റെ ഇരുട്ട് നീങ്ങിപ്പോയി.[71]

പൗലൊസിന്റെ വാക്കുകൾ അഗസ്റ്റിനെ മാനസാന്തരപ്പെടുത്തുവാൻ മതിയായതാണ്. ഇപ്പോൾ മുതൽ കർത്താവ് വീണ്ടും വരുന്നതുവരെ നീ ഒരു ദൈവീക ജീവിതം നയിക്കണം എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

---

കുറിപ്പുകൾ

[1]At that time, the Roman government made no distinction between Jews and Christians. Acts 18:2 and secular documents mention only Jews, but it may be that both Jews and Christians were driven from Rome. See James C. Walters, *Ethnic Issues in Paul's Letter to the Romans* (Valley Forge, Pa.: Trinity Press International, 1993), 56–59. [2]Some writers have argued that Paul did not write Romans 13:1–7, but that the verses were written by someone else and inserted into the letter. However, there is no manuscript evidence to support this idea. The section contains practical instruction needed by every Christian, and few subjects are more practical than obedience to authority. [3]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 45. [4]Ibid., 33–34. [5]Specifically when and how He did this, we do not know. Some writers believe that Genesis 9:1–7 provides the basis for human government. [6]James Burton Coffman, *Commentary on Romans* (Austin, Tex.: Firm Foundation Publishing House, 1973), 446. [7]Jack P. Lewis, *Exegesis of Difficult Passages* (Searcy,

Ark.: Resource Publications, 1988), 95. [8]Even if human governments do not do what they should (as God's ministers), that does not excuse Christians from doing what they should. [9]The Roman concept of justice was good, as was Rome's attempt to maintain peace in the empire. Roman roads made possible travel to every part of the empire. Paul took advantage of these benefits to spread the gospel. [10]Information on Roman rulers is given in David L. Roper, *Revelation 1—11*, Truth for Today Commentary (Searcy, Ark.: Resource Publications, 2002), 42–51.

[11]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 146. [12]Paul was imprisoned two years in Caesarea (Acts 24:27), plus at least two years in Rome (Acts 28:30). [13]Vine, 606. This word is often translated as "submit." [14]Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), 246. [15]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 1033. [16]Jimmy Allen, *Romans, The Clearest Gospel of All* (Searcy, Ark.: By the author, 2005), 266. [17]Coffman, 447–48. [18]The Greek here literally means "good work." [19]Eusebius *Ecclesiastical History* 2.25. [20]Adapted from Alva J. McClain; quoted in Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 90.

[21]James Denney, "St. Paul's Epistle to the Romans," in *The Expositor's Greek Testament*, vol. 2 (London: Hodder and Stoughton, 1901; reprint, Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1979), 697. [22]Lewis, 96. [23]Bob E. Adams, "Responsible Living in Community Setting (Romans 12—16)," *Southwestern Journal of Theology* 19 (Fall 1976): 63. [24]Ibid. [25]I believe we need Christians in political offices, but that is an opinion. Political officials may be sorely tempted to compromise Christian principles. [26]D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 232. A word related to *leitourgos* appears in the phrase "service of worship" in Romans 12:1. [27]Vine, 410. [28]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 346. [29]Vine, 643. [30]Ibid., 142.

[31]William Barclay gave a list of taxes that had to be paid in New Testament times. (William Barclay, *The Letter to the Romans*, rev. ed., The Daily Study Bible [Philadelphia: Westminster Press, 1975], 175.) [32]Vine, 310. [33]Barclay, 174. [34]For another example of being commanded to pray for a pagan government, see Jeremiah 29:7. [35]In the past, some thought Christians should not even vote. One denomination refuses to salute the flag. In my opinion, Christians ought to be involved in civil matters as long as doing so does not violate the will of God or detract from their commitment to the Lord and His church. [36]The Bible speaks of lending and borrowing. For instance, see Ex. 22:25; Ps. 37:26; Mt. 5:42; Lk. 6:35; Philem. 17, 18. [37]The tie between verses 7 and 8 is clearer in the Greek text than in the English. The Greek terms translated "due them" (ὀφειλή, *opheilē*) in verse 7 and "owe" (ὀφείλω, *opheilō*) in verse 8 are related. [38]"Owe nothing" is in the present tense, which indicates continuous action. The phrase could be translated "Do not *keep on* owing." [39]Sometimes this is due to situations beyond their control; even if that is the case, conscientious Christians will go to their creditors and work out arrangements so that they can eventually pay their debts. [40]Briscoe, 238.

[41]Origen (c. A.D. 185–254) was one of the so-called "church fathers." [42]Quoted in W. Sanday and A. C. Headlam, *The Epistle to the Romans*, The International Critical Commentary (New York: Charles Scribner's Sons, 1906), 373. [43]Barton, Veerman, and Wilson, 253. [44]A few ancient Greek manuscripts add, "You shall not bear false witness" (see KJV), but most ancient manuscripts have only the four listed in the NASB. [45]Regarding the Christian's relationship to the law of Moses, including the Ten Commandments, see comments on 7:1–4. [46]Vine, 429. [47]See Bauer, 830. [48]The Greek text literally means "works not evil." [49]Stott, 349–50. [50]Bell, 154.

[51]Inspired New Testament speakers and writers did not teach that the second coming was *immediate*, but that it was *imminent*. That is, they did not teach that Christ was coming in their lifetime, but that He could come at any time. [52]The night/day contrast is found several times in the Scriptures. See, for instance, John 9:4 and 1 Thessalonians 5:5. [53]Vine, 37. McCord's translation has "weapons" instead of "armor." [54]Bauer, 580. [55]Barclay, 178. [56]Vine, 532. [57]Bauer, 554. In Hebrews 13:4, *koitē* refers to sex within a God-approved marriage. [58]Vine, 353. [59]Barclay, 179.

[60]John MacArthur, *Romans 9—16*, The MacArthur New Testament Commentary (Chicago: Moody Press, 1994), 267.

[61]Vine, 604. [62]MacArthur, 267. [63]*Zēlos* can be used in a good sense to refer to "zeal" (see 10:2), but in Romans 13:13 it is obviously used in a bad sense. [64]Barclay, 179. [65]Briscoe, 241. [66]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 473, n. 87. [67]Kenneth J. Foreman, *The Letter of Paul to the Romans*, The Layman's Bible Commentary (Richmond, Va.: John Knox Press, 1961), 57. [68]Coy Roper, sermon preached at Walnut Grove church of Christ, Savannah, Tennessee, 12 November 2000. [69]In the US, this is easy to do with credit cards. Some writers make a distinction between borrowing out of need and borrowing to satisfy greed. [70]Of course, Augustine read the words in Latin, not English.

[71]Augustine *Confessions* 8.12.